2025 MARCH
17
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ആധാറും വോട്ടർ ഐഡി കാർഡും ബന്ധിപ്പിക്കും; നിർണായക നീക്കവുമായി കേന്ദ്ര സർക്കാർ

**ന്യൂഡൽഹി:** ആധാറും വോട്ടർ ഐഡി കാർഡും ബന്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിന്റെ നിർണായക നീക്കം. വോട്ടർമാരുടെ എണ്ണത്തിലെ ഇരട്ടിപ്പുമായി ബന്ധപ്പെട്ട് വന്ന പരാതികൾ ചർച്ച ചെയ്യാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ ചൊവ്വാഴ്ച നിശ്ചയിച്ചിരിക്കുന്ന ആഭ്യന്തര, നിയമ മന്ത്രാലയങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഇക്കാര്യത്തിൽ തീരുമാനമുണ്ടായേക്കും എന്നാണ് വിവരം.

രാജ്യത്തെ പല സംസ്ഥാനങ്ങളിലും വോട്ടർമാരുടെ എണ്ണത്തിൽ ക്രമക്കേട് ഉണ്ടെന്ന് തിരഞ്ഞെടുപ്പ് കമ്മിഷൻ തന്നെ സമ്മതിച്ച സാഹചര്യത്തിൽ ഇനി പരാതികൾ ഉയരാതിരിക്കാനാണ് നീക്കം. 2021ൽ ജനപ്രാതിനിധ്യ നിയമം ഭേദഗതി ചെയ്ത് ആധാറും വോട്ടർ ഐഡിയും ബന്ധിപ്പിക്കാമെന്ന വ്യവസ്ഥ കേന്ദ്രം കൊണ്ടു വന്നിരുന്നു. 66 കോടിയോളം പേരുടെ ആധാർ നമ്പർ ശേഖരിച്ചിട്ടുണ്ടെന്നും എന്നാൽ വോട്ടർ ഐഡിയുമായി ബന്ധിപ്പിച്ചിട്ടില്ലെന്നും പാർലമെൻറിൽ സർക്കാർ അറിയിച്ചു. ആധാറും വോട്ടർ ഐഡിയും ബന്ധിപ്പിച്ചാൽ പിന്നീട് ക്രമേക്കടിനുള്ള സാധ്യത വിരളമാകുമെന്നാണ് തിരഞ്ഞെടുപ്പ് കമ്മിഷന്റെ നിഗമനം.




ചൊവ്വാഴ്ചത്തെ യോഗത്തിൽ ആഭ്യന്തര സെക്രട്ടറി, ലെജിസ്ലേറ്റീവ് സെക്രട്ടറി, യൂണിക്ക് ഐഡൻറിഫിക്കേഷൻ അതോറിറ്റി സിഇഒ തുടങ്ങിയവർ പങ്കെടുക്കും.

മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാറും തിരഞ്ഞെടുപ്പ് കമ്മിഷണർമാരും യോഗത്തിൽ പങ്കെടുക്കും. മൂന്നു മാസത്തിനുള്ളിൽ പരാതി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാനാണ് നീക്കം. ഉടൻ തിരഞ്ഞെടുപ്പ് നടക്കുന്ന ബിഹാറിനു മുൻഗണന നൽകുമോയെന്ന കാര്യം വ്യക്തമല്ല.

## ഹൂതി കേന്ദ്രങ്ങളിൽ തീമഴ പെയ്യിച്ച് യുഎസ് വ്യോമസേന, 23 മരണം; ഇറാന് മുന്നറിയിപ്പുമായി ട്രംപ്



**വാഷിങ്ടൻ:** യെമനിലെ ഹൂതി ഭീകര കേന്ദ്രങ്ങളിൽ യുഎസ് വ്യോമസേന നടത്തിയ വ്യോമാക്രണങ്ങളിൽ 23 മരണം. നിരവധി പേർക്ക് പരുക്കേറ്റു. ചെങ്കടലിൽ കപ്പലുകൾക്കു നേരെ ഹൂതികൾ ആക്രമണം തുടരുന്ന സാഹചര്യത്തിലാണ് യുഎസ് നടപടി. തലസ്ഥാനമായ സനായിലാണ് വ്യോമാക്രമണം നടത്തിയത്. വാണിജ്യ കപ്പലുകൾക്കു നേരെ ആക്രമണം നടത്തുന്ന ഹൂതികളെ തുടച്ചുനീക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് നേരത്തേ പ്രഖ്യാപിച്ചിരുന്നു.

ചെങ്കടലിലെ കപ്പലാക്രമണങ്ങൾ ഹൂതി ഭീകരർ അവസാനിപ്പിക്കണമെന്നും ഇല്ലെങ്കിൽ ദുരന്തമാണു കാത്തിരിക്കുന്നതെന്നും ട്രംപ് ഹൂതികൾക്കു മുന്നറിയിപ്പ് നൽകി. ഹൂതികൾക്ക് പിന്തുണ നൽകുന്നത് അവസാനിപ്പിക്കണമെന്ന് ഇറാനോടും ആവശ്യപ്പെട്ടു. ട്രംപ് രണ്ടാം തവണ പ്രസിഡന്റ് ആയ ശേഷം മധ്യപൂർവദേശത്ത് യുഎസ് നടത്തുന്ന ഏറ്റവും വലിയ സൈനിക നടപടിയാണിത്.

2023 നവംബർ മുതൽ കപ്പലുകളെ ലക്ഷ്യമാക്കി നൂറിലധികം ആക്രമണങ്ങൾ ഹൂതികൾ നടത്തിയിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ. ഗാസയിൽ ഇസ്രയേൽ നടത്തിയ ബോംബാക്രമണങ്ങളിൽ പലസ്തീൻ ജനതയ്ക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കാനാണ് ഇസ്രയേലിന്റെ കപ്പലുകൾ ഉൾപ്പെടെ ആക്രമിക്കുന്നതെന്നാണ് ഹൂതികളുടെ വിശദീകരണം. ഹൂതികളെ മുൻനിർത്തി യുഎസിനെ ഭീഷണിപ്പെടുത്തിയാൽ തുടർന്നുള്ള ഭവിഷ്യത്തുകൾക്ക് ഇറാൻ മാത്രമായിരിക്കും ഉത്തരവാദിയെന്നും ട്രംപ് വ്യക്തമാക്കി. ഇറാനുമായി ആണവ കരാറിനെക്കുറിച്ചു ചർച്ച നടത്താൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞ് ദിവസങ്ങൾക്കുള്ളിലാണ് ഇറാന് മുന്നറിയിപ്പുമായി ഡോണൾഡ് ട്രംപ് രംഗത്തെത്തിയത്.

അതേസമയം, യുഎസ് നടത്തിയ വ്യോമാക്രമണത്തിന് ശക്തമായ തിരിച്ചടി നൽകുമെന്ന് അൽ മസിറ ചാനലിലൂടെ ഹൂതികൾ അറിയിച്ചു. യുഎസിന്റെയും ഇസ്രയേലിന്റെയും പതാകയേന്തിയ വാണിജ്യ കപ്പലുകളെയാണ് ലക്ഷ്യമിടുമെന്നും ഹൂതി ഭീകരരുടെ നേതാവ് അബ്ദുൽ മാലിക് അൽ ഹൂതി പറഞ്ഞു.

## പാക്ക് സേനയുടെ ബസിനുനേരെ ആക്രമണം; 90 സൈനികർ കൊല്ലപ്പെട്ടു

**ഇസ്‌ലാമാബാദ്:** പാക്കിസ്ഥാനെ ഞെട്ടിച്ച് വീണ്ടും ഭീകരാക്രമണം. പാക്ക് സേനാംഗങ്ങൾ സഞ്ചരിച്ച ബസിൽ കാറിടിച്ചുണ്ടായ അപകടത്തിൽ 90 സൈനികർ കൊല്ലപ്പെട്ടു. ബലൂചിസ്ഥാനിൽ ട്രെയിൻ റാഞ്ചിയ ബലൂച് ലിബറേഷൻ ആർമി (ബിഎൽഎ) ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു.

ബലൂചിസ്ഥാനിലെ നോഷ്കി ജില്ലയിൽ ദേശീയപാത40ൽ ആയിരുന്നു വിമതരുടെ ആക്രമണം. ഒപ്പമുണ്ടായിരുന്ന മറ്റൊരു സൈനിക വാഹനവും ആക്രമിക്കപ്പെട്ടു. പരുക്കേറ്റവരെ സമീപത്തെ ആശുപത്രിയിലേക്കു മാറ്റി.

എണ്ണ, ധാതു വിഭവങ്ങൾ കൊണ്ട് സമ്പന്നമായ ബലൂചിസ്ഥാൻ പാക്കിസ്ഥാനിലെ ഏറ്റവും വലുതും ജനസംഖ്യ കുറഞ്ഞതുമായ പ്രവിശ്യയാണ്. ഫെഡറൽ സർക്കാരിൽനിന്ന് സ്വാതന്ത്ര്യം വേണമെന്നാണു ബിഎൽഎയുടെ ആവശ്യം. പാക്ക് ജയിലിലുള്ള ബലൂച് രാഷ്ട്രീയ തടവുകാരെയും സൈന്യം തട്ടിക്കൊണ്ടുപോയ ആക്റ്റിവിസ്റ്റുകളെയും വിട്ടയയ്ക്കണമെന്നും ഇവർ ആവശ്യപ്പെട്ടിരുന്നു.

പാക്ക് സർക്കാരിനെതിരെ സായുധസമരം നടത്തുന്ന ബിഎൽഎ കഴിഞ്ഞ നവംബറിൽ ക്വറ്റ റെയിൽവേ സ്റ്റേഷനിൽ നടത്തിയ ചാവേർ സ്ഫോടനത്തിൽ 26 പേരാണു കൊല്ലപ്പെട്ടത്.

## 2026 അവസാനത്തോടെ ചൊവ്വ ദൗത്യം
## 2029ൽ മനുഷ്യരെ ഇറക്കാൻ സാധിക്കും: ഇലോൺ മസ്ക്



**വാഷിങ്ടൻ:** 2026 അവസാനത്തോടെ ചൊവ്വ ദൗത്യം യാഥാർഥ്യമാകുമെന്ന് സ്പേസ് എക്സ് മേധാവി ഇലോൺ മസ്ക്. ടെസ്‌ലയുടെ ഒപ്റ്റിമസ് റോബോട്ടും സ്റ്റാർഷിപ്പ് എന്ന ബഹിരാകാശ വാഹനത്തിൽ ഉണ്ടാകും. ലാൻഡിങ് വിജയകരമായാൽ 2029ൽ മനുഷ്യരെ ചൊവ്വയിൽ ഇറക്കാനായേക്കുമെന്നും മസ്ക് അറിയിച്ചു.

“അടുത്ത വർഷം അവസാനം ഒപ്റ്റിമസിനേയും വഹിച്ചുകൊണ്ട് സ്റ്റാർഷിപ്പ് ചൊവ്വയിലേക്ക് പുറപ്പെടും. ഈ ലാൻഡിങ് വിജയകരമായാൽ 2029ൽ തന്നെ മനുഷ്യ ലാൻഡിങ് ആരംഭിച്ചേക്കാം. എന്നാൽ 2031ൽ ആണ് ഇതിനു കൂടുതൽ സാധ്യത” മസ്ക് എക്സിൽ കുറിച്ചു. 2002 മാർച്ച് 14ന് സ്ഥാപിതമായ സ്പേസ് എക്സിന്റെ ഇരുപത്തിമൂന്നാം വാർഷികത്തിലാണ് മസ്കിന്റെ പ്രഖ്യാപനം.

123 മീറ്റർ നീളമുള്ള സ്റ്റാർഷിപ്പ് വിമാനം മസ്കിന്റെ ചൊവ്വ ദൗത്യത്തിൽ സുപ്രധാന പങ്കുവഹിക്കും. പര്യവേക്ഷണ ദൗത്യങ്ങൾക്കായി ചന്ദ്രനിലേക്കും ചൊവ്വയിലേക്കും മനുഷ്യരെയും അവർക്കാവശ്യമായ സാധനസാമഗ്രികളെയും വഹിക്കാൻ ശേഷിയുള്ളതാണ് ഈ ബഹിരാകാശ റോക്കറ്റ്. പൂർണമായും പുനരുപയോഗിക്കാവുന്ന സംവിധാനമാണ് ഇത്.



# വ്യാപാരി സമരം:പിന്തുണയുമായി യൂത്ത് വിംഗ്

**കൊച്ചി:** തൊഴിൽക്കരത്തിന്റെയും ലൈസൻസ് ഫീസിന്റെയും അന്യായമായ വർധനവിനും ഉദ്യോഗസ്ഥ മാഫിയയ്ക്കും എതിരെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മാർച്ച് 18, ചൊവ്വാഴ്ച നടത്തുന്ന എറണാകുളം കലക്ടേറ്റ് ഉപരോധ സമരത്തിന് പിന്തുണയുമായി കെ.വി.വി.ഇ.എസ് ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലാ കമ്മിറ്റി.

യാതൊവിധത്തിലും അംഗീകരിക്കാൻ സാധിക്കാത്ത നിലപാടാണ് ഭരണകൂടവും ഉദ്യോഗസ്ഥരും സ്വീകരിക്കുന്നതെന്ന് യുത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ്, ജനറൽ സെക്രട്ടറി വിനോദ് ബേബി, ട്രഷറർ അജ്മൽ കാമ്പായി എന്നിവർ പറഞ്ഞു.

ചെറുകിട, ഇടത്തരം വ്യാപാരികളുടെ നട്ടെല്ലൊടിക്കുന്ന വിധത്തിലാണ് തൊഴിൽക്കരവും വ്യാപാര ലൈസൻസ് പുതുക്കൽ ഫീസും വർധിപ്പിച്ചിരിക്കുന്നത്. കൊച്ചി കോർപ്പറേഷനുമായി നടത്തിയ ചർച്ചയ്ക്കൊടുവിൽ കഴിഞ്ഞ വർഷം അടച്ച തുക തന്നെ ഈ വർഷവും അടച്ചാൽ മതിയെന്ന് തീരുമാനിച്ചുവെങ്കിലും ഇത് അട്ടിമറിയ്ക്കുന്ന നിലപാടാണ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്നത്. ഭരണസംവിധാനത്തെ പോലും നോക്കുകുത്തിയാക്കുന്ന ഉദ്യോഗസ്ഥ ധാർഷ്ട്യം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ലെന്നും ചർച്ചയിലെ തീരുമാനം നടപ്പിലാക്കണമെന്നും യൂത്ത് വിംഗ് നേതാക്കൾ ആവശ്യപ്പെട്ടു. 18 ന് രാവിലെ 10.30 ന് ആരംഭിക്കുന്ന സമരം ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ് അധ്യക്ഷത വഹിക്കും.

# റിസർവ്വ് ബാങ്കിലെ വനിതാ ദിനാഘോഷം: യുഎപിഎ കേസ് പ്രതി ഉദ്ഘാടകയായത് അന്വേഷിക്കണം: വിഎച്ച്പി

**കൊച്ചി:** അബ്ദുൾ നാസർ മദനി പ്രതിയായ യു.എ.പി.എ കേസിൽ ബംഗളുരു എൻ.ഐ.എ കോടതിയിൽ വിചാരണ നേരിടുന്ന മാധ്യമ പ്രവർത്ത ഷാഹിന എറണാകുളം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഓഫിസിൽ നടന്ന വനിതാദിനാഘോഷത്തിന്റെ ഉദ്ഘാടകയായത് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്രമോഡി, കേന്ദ്രആഭ്യമന്ത്രി അമിത് ഷാ,ധനമന്ത്രി നിർമ്മല സീതാരാമൻ, ആർബി ഐ ഗവർണർ സഞ്ജയ് മൽഹോത്ര എന്നിവർക്ക് പരാതി നൽകിയതായി വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ എന്നിവർ പറഞ്ഞു. കേന്ദ്രസർക്കാരിന്റെ നേരിട്ട് ബന്ധമുള്ള ഭരണഘടനാ സ്ഥാപനമാണ് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ. ഇവിടെയാണ് എല്ലാ വിധ സുരക്ഷാ ക്രമീകരണങ്ങളും കാറ്റിൽപ്പറത്തി ഇത്തരത്തിൽ ആരോപണം നേരിടുന്ന വ്യക്തിയെക്കൊണ്ട് വനിതാ ദിനാഘോഷം ഉദ്ഘാടനം ചെയ്യിപ്പിച്ചത്. ഈ തീരുമാനമെടുത്തതിന് പിന്നിൽ ആരൊക്കെയാണെന്നും അവരുടെ പിന്നാമ്പുറങ്ങളിൽ പ്രവർത്തിക്കുന്നവർ ആരാണെന്നും കണ്ടെത്തണം. രാജ്യത്തെ അന്വേഷണ ഏജൻസികൾക്ക് ഇതിൽ ഉത്തരവാദിത്വമുണ്ട്.ഇത്തരക്കാർക്ക് കുടപിടിക്കുന്നവർ കേന്ദ്രസർക്കാരിന്റെ ഓഫീസുകളിൽ പോലും ഉണ്ടെന്നുള്ളത് ഞെട്ടിപ്പിക്കുന്നതാണെന്നും വി.എച്ച്.പി നേതാക്കൾ വ്യക്തമാക്കി.സാധാരണ പരിപാടികൾ നിലവിളക്ക് കൊളുത്തിയാണ് നിർവ്വഹിക്കുന്നത് എന്നാൽ ഇവിടെ ഇതിന് വിപരീതമായി കേക്കു മുറിച്ചായിരുന്നു ആഘോഷം ഉദ്ഘാടനം ചെയ്തത്. ഇത് ഉദ്ഘാടകയുടെ താൽപ്പര്യപ്രകാരമായിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞതെന്നും വി.എച്ച്.പി നേതാക്കൾ വ്യക്തമാക്കി.

# സെലിബ്രിറ്റി ക്രിക്കറ്റ് പ്രീമിയർ ലീഗ് ഏപ്രിൽ 19 മുതൽ

**കൊച്ചി:** സിനിമ, ടെലിവിഷൻ മേഖലയിൽ നിന്നുള്ളവരെ അടക്കം പങ്കെടുപ്പിച്ച് സെലിബ്രിറ്റി ക്രിക്കറ്റേഴ്സ് ഫ്രെട്ടേണിറ്റി (സി.സി.എഫ്) സംഘടിപ്പിക്കുന്ന പ്രഥമ സി.സി.എഫ് പ്രീമിയർ ലീഗ് ഏപ്രിൽ 19 മുതൽ 25 വരെ കളമശേരി സെന്റ് പോൾസ് കോളേജ് ഗ്രൗണ്ടിൽ നടക്കും. സിനിമ, ടെലിവിഷൻ, മീഡിയ, പരസ്യ മേഖലകളിൽ നിന്നുള്ള സെലിബ്രിറ്റികളും കലാകാരന്മാരും സാങ്കേതിക പ്രവർത്തകരും അടങ്ങുന്ന 12 ടീമുകൾ മത്സരത്തിന്റെ ഭാഗമാകും. സൗത്താഫ്രിക്കൻ നാഷണൽ ടീം മുൻ ക്യാപ്റ്റൻ എ ബി ഡി വില്ലേഴ്സ് ബ്രാൻഡ് അംബാസിഡറായുള്ള ലോകത്തെ ഏറ്റവും വലിയ അമേചർ ക്രിക്കറ്റ് ലീഗ് ആയ ലാസ്റ്റ് മാൻ സ്റ്റാന്റ്സുമായി സഹകരിച്ച് നടത്തുന്ന കേരളത്തിലെ ഏക ക്രിക്കറ്റ് ടൂർണമെന്റാണിത്. ടൂർണമെന്റിന് മുന്നോടിയായുള്ള ഗ്രാൻഡ് ലോഞ്ച് ഇന്ന് വൈകുന്നേരം നാലിന് വൈറ്റില ചക്കരപ്പറമ്പിലുള്ള ഹോളിഡേ ഇൻ ഹോട്ടലിൽ നടക്കും. സി.സി.എഫ് പ്രസിഡന്റ് അനിൽ തോമസ്, സെക്രട്ടറി സ്ലീബ വർഗീസ്, ട്രഷറർ സുധീപ് കാരാട്ട്, ഉണ്ണി മുകുന്ദൻ, മഹിമ നമ്പ്യാർ, സിജാ റോസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

സുരാജ് വെഞ്ഞാറമ്മൂട് സെലിബ്രിട്ടി ഉടമയായിട്ടുള്ള സീബ്ര സീലോട്ട്സ്, സീ ഹോഴ്സ് സെയ്‌ലേഴ്സ് (ഉണ്ണി മുകുന്ദൻ), ടാർഗേറിയൻ ടെർൺസ് (വിജയ് യേശുദാസ്), റിനോ റേഞ്ചേഴ്സ് (ആന്റണി പെപ്പ്), ഫീനിക്സ് പാന്തേഴ്സ് (അഖിൽ മാരാർ), ലയൺ ലെജന്റ്സ് (സണ്ണി വെയ്ൻ), കംഗാരു നോക്കേഴ്സ് (ജോണി ആന്റണി), ഹിപ്പോ ഹിറ്റേഴ്സ് (ലൂക്ക്മാൻ), ഗൊറില്ല ഗ്ലൈഡേഴ്സ് (സാജു നവോദയ), ഫോക്സ് ഫൈറ്റേഴ്സ് (നരേൻ), ഈഗിൾ എംപയേഴ്സ് (സിജു വിൽസൻ), ചേതക് ചെയ്സേഴ്സ് (വിഷ്ണു ഉണ്ണികൃഷ്ണൻ) എന്നിങ്ങനെയാണ് ടീമുകൾ.

# രജിസ്ട്രേഷൻ വകുപ്പ് ഈ വർഷം പ്രതീക്ഷിക്കുന്ന വരുമാനം 5500 കോടി രൂപ: മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ

**കൊച്ചി:** സർക്കാറിന്റെ വരുമാന സ്രോതസ്സുകളിൽ പ്രധാനപ്പെട്ട വകുപ്പായ രജിസ്ട്രേഷൻ വകുപ്പ് ഈ വ4ഷം പ്രതീക്ഷിക്കുന്നത് 5500 ലധികം കോടി രൂപയാണെന്ന് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ. 2024 ൽ 5013.67 കോടി രൂപയായിരുന്നു വരുമാനം. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ക്യാഷ് ലെസ് സംവിധാനം ഏപ്രിൽ മുതൽ നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. സബ് രജിസ്ട്രാർ ഓഫീസർമാരുടെ ജില്ലാതല അവലോകന യോഗത്തിനു ശേഷം എറണാകുളം ഗസ്റ്റ് ഹൗസിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് 315 സബ്ബ് രജിസ്ട്രാർ ഓഫീസുകൾ പ്രവർത്തിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഈ വർഷവും വരുമാന കാര്യങ്ങളിൽ വകുപ്പ് നല്ല നേട്ടമുണ്ടാക്കും. ഫെബ്രുവരി അവസാനത്തെ കണക്കനുസരിച്ച് തന്നെ നടപ്പു സാമ്പത്തിക വര്ഷങ്ങത്തെ വരുമാനം 5000 കോടി കവിഞ്ഞിട്ടുണ്ട്. ഈ വർഷം കഴിഞ്ഞ വർഷത്തേ അപേക്ഷിച്ച് ആധാരങ്ങളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. എങ്കിലും ഈ സാമ്പത്തിക വർഷത്തെ വരുമാനം 5500 കോടിയിൽ കവിയുമെന്നാണ് പ്രതീക്ഷ.

വിവര സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി വകുപ്പിനെയാകെ ആധുനികവല്ക്കരിക്കാനുള്ള പദ്ധതികളാണ് നടപ്പാക്കി വരുന്നത്. ഇതിനകം തന്നെ ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ പരിഷ്ക്കാരങ്ങൾ നടപ്പാക്കി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി ജനങ്ങൾക്കാവശ്യമായ സേവനങ്ങൾ കൂടുതൽ സുതാര്യമായും സുഗമമായും ലഭ്യമാക്കുക എന്നതാണ് പരിഷ്ക്കരണങ്ങളുടെയെല്ലാം ലക്ഷ്യം.

റവന്യൂ രജിസ്ട്രേഷൻ സർവെ വകുപ്പുകളുടെ സംയോജിത പോർട്ടലായ "എന്റെ ഭൂമി" പരീക്ഷണാടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ നടപ്പാക്കി. ഇതിന്റെ ഫലങ്ങൾ വിലയിരുത്തി സംസ്ഥാനത്താകെ നടപ്പിലാക്കുന്നതോടെ ഭൂമിസംബന്ധമായ ഇടപാടുകൾ കൂടുതൽ സുഗമവും സുതാര്യവുമാകും.

എല്ലാ പണമിടപാടുകളും ഇ പേമെന്റ് സംവിധാനത്തിലേക്ക് മാറ്റി ക്യാഷ് ലെസ് ഓഫീസുകളാക്കി മാറ്റും. സബ്ബ് രജിസ്ട്രാറാഫീസുകളിൽ ജനകീയ സമിതികൾ രൂപീകരിക്കും. അതിനാവശ്യമായ നിർ ദ ശങ്ങൾ നല്കി. ഇത്തരം പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുമ്പോൾ ജനങ്ങൾ നേരിട്ട് ബന്ധപ്പെടുന്ന സബ്ബ് രജിസ്ട്രാറാഫീസുകൾ ഉൾപ്പെടെയുള്ളയിടങ്ങളിലെ പ്രശ്നങ്ങളും പരിമിതികളും പരിശോധിച്ച് പരിഹരിക്കേണ്ടതായിട്ടുണ്ട്.

അതുകൊണ്ടാണ് ഓരോ ജില്ലയിലും നേരിട്ട് ചെന്ന് നേട്ടങ്ങളും അതോടൊപ്പം പ്രശ്നങ്ങളും വിലയിരുത്താൻ തീരുമാനിച്ചത്. ആധുനികവല്ക്കരണ നടപടികൾ വേഗത്തിലാക്കി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ സുഗമവും സുതാര്യവുമായി ലഭ്യമാക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർ ഉൾപ്പെടെയുള്ളവരുടെ പൂർണ സഹകരണം ഉറപ്പാക്കി എല്ലാവരെയും വിശ്വാസത്തിലെടുത്തുകൊണ്ട് ഈ ലക്ഷ്യം കൈവരിക്കാനാണ് ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ശ്രീധന്യ സുരേഷും മന്ത്രിക്കൊപ്പം പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# അപൂർവ രോഗങ്ങൾ ബാധിച്ചവർക്ക് സജീവ പരിചരണം സർക്കാർ ലക്ഷ്യം: മന്ത്രി വീണ ജോർജ്ജ്

**തിരുവനന്തപുരം:** സംസ്ഥാന സർക്കാർ അപൂർവ രോഗ പ്രതിരോധ രംഗത്ത് നടപ്പാക്കിയ കെയർ പദ്ധതി സംസ്ഥാന സർക്കാരിന്റെ നൈതിക ബാധ്യതയുടെ തെളിവാണെന്ന് സംസ്ഥാന ആരോഗ്യ മന്ത്രി വീണ ജോർജ്ജ്. ഇന്ത്യൻ അക്കാദമി ഓഫ് ന്യൂറോളജിയുടെ ഉപവിഭാഗമായ പീഡിയാട്രിക് ന്യൂറോളജി, ന്യൂറോമസ്കുലാർ ഡിസോർഡർ മാനേജ്മെന്റ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ദ്വിദിന അന്താരാഷ്ട്ര കോൺഫറൻസിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഇന്ത്യയിലെയും വിദേശത്തെയും 100ലധികം പ്രമുഖ ന്യൂറോളജിസ്റ്റുകളും ഗവേഷകരും പങ്കെടുത്ത, തിരുവനന്തപുരത്തെ ഗ്രാൻഡ് ഹയാറ്റിൽ നടന്ന 'അഡ്വാൻസസ് ഇൻ ന്യൂറോമസ്കുലാർ ഡിസോർഡേഴ്സ് APND 2025' കോൺഫറൻസ് വിജയകരമായി സമാപിച്ചു. ന്യൂറോമസ്കുലാർ രോഗങ്ങൾക്കും നവീന ചികിത്സാ മാർഗങ്ങൾക്കും ഊന്നൽ നൽകിയാണ് സമ്മേളനം സംഘടിപ്പിച്ചത്. ന്യൂറോമസ്കുലാർ രോഗങ്ങളുടെ വിവിധ ഘട്ടങ്ങളും നൂതന ചികിത്സാ മാർഗങ്ങളും കോൺഫറൻസ് ആഴത്തിൽ ചർച്ച ചെയ്തു. രോഗികൾക്ക് തടസമില്ലാതെ ചികിത്സ ലഭ്യമാക്കുന്നതിന് പോളിസികൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത വിവിധ രാജ്യങ്ങളിലെ മാതൃകാ നയങ്ങൾ അവലംബിച്ച് വിലയിരുത്തി. 20ലധികം ഗവേഷണ പ്രബന്ധങ്ങളും വിഷയങ്ങളും സമ്മേളനത്തിൽ അവതരിപ്പിച്ചു.

എസ്എംഎ പോലുള്ള അപൂർവ രോഗം ബാധിച്ച എല്ലാ സാധാരണക്കാർക്കും സൗജന്യചികിത്സ നൽകാനുള്ള ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ട് പോയതെന്ന് മന്ത്രി പറഞ്ഞു. പൊതുജനങ്ങളുടെ പിന്തുണയോടെയാണ് കെയർ പദ്ധതി വിജയകരമായി മുന്നേറുന്നത്. രോഗങ്ങൾ അപൂർവ്വമായിരിക്കാം, എന്നാൽ പരിചരണം അപൂർവ്വമാകരുത് എന്നതാണ് സർക്കാരിന്റെ നയം. വെറും മരുന്നുകളിൽ ഒതുങ്ങുന്നതല്ല കെയർ പദ്ധതി.

ഫിസിയോതെറാപ്പി, കൗൺസിലിംഗ്, പോഷകസഹായവും ഇതിലൂടെ ഉറപ്പാക്കുന്നു. പദ്ധതി സർക്കാരിന്റെ നൈതിക ബാധ്യതയാണെന്നും മന്ത്രി പ്രസംഗത്തിൽ വ്യക്തമാക്കി. എന്നാൽ ഇത് സർക്കാരിന്റെ മാത്രം പദ്ധതിയല്ല. എസ്എംഎ പോലെയുള്ള അപൂർവരോഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി സന്നദ്ധ സംഘടനകളും വ്യക്തികളും മുന്നോട്ട് വരണം. ഓരോ ജീവനും വിലപ്പെട്ടതാണ്. അത് സംരംക്ഷിക്കുന്നതിനായി നമുക്ക് കൈകോർക്കാമെന്നും വീണ ജോർജ്ജ് പറഞ്ഞു.

ന്യൂറോമസ്കുലാർ രോഗങ്ങൾക്കും നവീന ചികിത്സാ മാർഗങ്ങൾക്കും ഊന്നൽ നൽകിയാണ് അജചഉ 25 സമ്മേളനം സംഘടിപ്പിച്ചത്. അപൂർവ രോഗികൾ നേരിടുന്ന വെല്ലുവിളികൾ സംബന്ധിച്ചടക്കം സമഗ്രമായ ചർച്ച കോൺഫറൻസിൽ നടന്നു. ജീൻ തെറാപ്പിയിലടക്കം ചികിത്സാരംഗത്തെ പുതിയ നേട്ടങ്ങൾ, ചികിത്സാ ചെലവ് കുറയ്ക്കാനുള്ള വഴികൾ, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിൽ പൊതുസ്വകാര്യ പങ്കാളിത്തത്തിന്റെ സാധ്യത, കേരള മോഡൽ മറ്റ് സംസ്ഥാനങ്ങളിൽ പ്രതിധ്വനിപ്പിക്കുന്നതിനുള്ള നയത്തിന്റെ ആവശ്യകത, ദേശീയ ആരോഗ്യ നയം നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയ വിഷയങ്ങളിൽ കോൺഫറൻസിൽ വിശദമായ ചർച്ച നടന്നു.

ചടങ്ങിൽ പ്രൊഫ. കെ.രാജശേഖരൻ നായർ, പ്രൊഫ.കെ.ആനന്ദം എന്നിവരെ പൊന്നാടയണിയിച്ച് ആദരിച്ചു.

മെഡിക്കൽ എജുക്കേഷൻ ഡയറക്ടർ ഡോ.തോമസ് മാത്യു, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.ലിന്നറ്റ് മോറിസ്, ആരോഗ്യ വകുപ്പിലെ നോഡൽ ഓഫീസർ ഡോ.യു.ആർ.രാഹുൽ, കോൺഫറൻസ് സംഘാടക സമിതി ചെയർമാൻ ഡോ.കെ.പി.വിനയൻ, സംഘാടക സമിതി സെക്രട്ടറി ഡോ.മേരി ഐപ് എന്നിവർ സംസാരിച്ചു.

# ക്ളീൻ കേരള കോൺക്ലേവ് ഏപ്രിൽ 9 മുതൽ

**തിരുവനന്തപുരം:** മാലിന്യസംസ്കരണ രംഗത്തെ പുതിയ ആശയങ്ങളും സാങ്കേതികവിദ്യകളും പരിചയപ്പെടുത്തുന്നതിനും ഈ രംഗത്തെ കേരളത്തിന്റെ സവിശേഷതകൾ അവതരിപ്പിക്കുന്നതിനുമായി "വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ്" ഏപ്രിൽ 9 മുതൽ 13 വരെ തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിക്കും. ചുമതല സംസ്ഥാന ശുചിത്വമിഷനാണ്.

ഇതിനോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന 'വേസ്റ്റത്തോൺ 2025' ന്റെ രജിസ്ട്രേഷൻ ആരംഭിച്ചു.

വിദ്യാർഥികൾ, കോളേജുകൾ, സ്റ്റാർട്ടപ്പുകൾ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ മുതൽ പൊതു ജനങ്ങൾ വരെയുള്ളവരുടെ ആശയങ്ങൾ പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ രൂപപ്പെടുത്തുന്നതിന് പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു വേദിയാണ് ഇത്.

ഖര മാലിന്യ വിഭാഗത്തിൽ ജൈവ മാലിന്യങ്ങൾ, പുനരുപയോഗിക്കാ നാവാത്ത പ്ലാസ്റ്റിക് തുടങ്ങി വിവിധതരം ഖര മാലിന്യങ്ങളുടെ സംസ്കരണം പാക്കേജിംഗിനായി, പ്ലാസ്റ്റിക് രഹിത മാർഗങ്ങൾ മുതലായ തീമുകളുടെ അടിസ്ഥാനത്തിലാണ് മത്സരം. ദ്രവ മാലിന്യ വിഭാഗത്തിൽ സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ മാലിന്യ പരിപാലന മാർഗങ്ങൾ, സ്മാർട്ടും വലുപ്പം കുറഞ്ഞതും കാര്യക്ഷമവുമായ സംവിധാനങ്ങൾ, മലിനജലത്തിൽ നിന്നും വിഭവങ്ങൾ വീണ്ടെടുക്കൽ എന്നീ തീമുകളുടെ അടിസ്ഥാനത്തിലാണ് മൽസരങ്ങൾ.വിദ്യാർത്ഥികൾ, സ്റ്റാർട്ടപ്പുകൾ, സംഘടനകളും പൊതു ജനങ്ങളും എന്നീ മൂന്നു വിഭാഗങ്ങളിലായാണ് മത്സരങ്ങൾ നടത്തുന്നത്. ഓരോ വിഭാഗങ്ങളിലും 1, 2, 3 സ്ഥാനം കരസ്ഥമാക്കുന്നവർക്ക് യഥാക്രമം 1,00,000 രൂപ, 50,000 രൂപ 30,000 രൂപ സമ്മാനമായി ലഭിക്കും. മൽസരത്തിൽ പങ്കെടുക്കുന്നതിനായി vruthi.in എന്ന് സൈറ്റിൽ ഇതു സംബന്ധിച്ച ലിങ്കിലുള്ള ഫോറം പൂരിപ്പിച്ച് സമർപ്പിക്കണം. അവസാന തീയതി മാർച്ച് 23. കൂടുതൽ വിവരങ്ങൾക്ക് vruthi.in സന്ദർശിക്കാം.

# ഇ കെ നാരായണൻ സ്ക്വയറിന് ഇനി നവീന മുഖം

**കൊച്ചി:** പള്ളുരുത്തിയിലെ പ്രധാനപ്പെട്ട ഓപ്പൺ സ്പേസുകളിൽ ഒന്നായ ഇ കെ നാരായണൻ സ്ക്വയർ ആധുനിക രീതിയിൽ ദൃശ്യരൂപ ഭംഗി വരുത്തി നവീകരിക്കുന്ന പദ്ധതിക്കു തുടക്കം കുറിക്കുന്നു. രണ്ട് ഘട്ടങ്ങളിലായാകും പദ്ധതി നടപ്പിലാക്കുന്നത്. കൊച്ചി കപ്പൽശാലയുടെ സി.എസ.ആർ ഫണ്ട് ഉപയോഗിച്ചാകും പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നത്. ഓപ്പൺ സ്റ്റേജ് മെച്ചപ്പെട്ട ലൈറ്റിംഗ് സംവിധാനം ടോയ്ലറ്റ് സൗകര്യങ്ങൾ ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണമാണ് ആദ്യഘട്ടം പദ്ധതിയിലുള്ളത്.

# സംസ്കൃത സർവ്വകലാശാലയിൽ ഖാദി ബോർഡിന്റെ തുണി നെയ്ത്ത് ഉടലും ഉടുപ്പും പ്രദർശനം 17ന് തുടങ്ങും

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിലെ സെന്റർ ഫോർ മ്യൂസിയം സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ വസ്ത്രപാരമ്പര്യങ്ങളെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന പഞ്ചദിന പ്രദർശനം മാർച്ച് 17ന് കാലടി മുഖ്യക്യാമ്പസിലുള്ള കനകധാര മ്യൂസിയത്തിൽ ആരംഭിക്കും. കേരളത്തിലെ വസ്ത്രപാരമ്പര്യങ്ങളുടെ ചരിത്രവും, പ്രാചീനകാലത്തെ ചില തെളിവുകളും മധ്യകാലത്തെ ശില്പങ്ങളും മാതൃകകളും ചുമർചിത്രങ്ങളും കൊളോണിയൽ ഫോട്ടോഗ്രാഫുകളും പ്രദർശനത്തിൽ വിഷയമാകുന്നു. കേരളത്തിലെ വസ്ത്രപാരമ്പര്യങ്ങളെക്കുറിച്ച് മ്യൂസിയോളജിക്കലും ചരിത്രപരവുമായ നിരീക്ഷണങ്ങൾ പണ്ഡിതരും വിദ്യാർത്ഥികളും പ്രദർശനത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിരിക്കുന്ന ശില്പശാലയിൽ പങ്കുവയ്ക്കും. കേരള ഖാദി ബോർഡിന്റെ നേതൃത്വത്തിൽ, തുണിനെയ്യുന്നത് നേരിട്ട് കാണാനുള്ള അവസരം പ്രദർശനത്തോട് അനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്, സർവ്വകലാശാലയിലെ സെന്റർ ഫോർ മ്യൂസിയം സ്റ്റഡീസ് കോഓർഡിനേറ്റർ പ്രൊഫ. എൻ.ജെ. ഫ്രാൻസീസ് പറഞ്ഞു.

ഇന്ന് രാവിലെ 11ന് രജിസ്ട്രാർ ഡോ. മോത്തി ജോർജ് പ്രദർശനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. കഴിഞ്ഞ വർഷത്തെ പ്രദർശനത്തിന്റെ മ്യൂസിയം കാറ്റലോഗ് രജിസ്ട്രാർ ഡോ. മോത്തി ജോർജ് പ്രകാശനം ചെയ്യും. ചരിത്രാതീത കാലത്തെ പുരാവസ്തുശേഖരണത്തിൽ പ്രതിഭ തെളിയിച്ച എ.കെ. അലിയെ ആദരിക്കും. പ്രദർശനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ശില്പശാലയിൽ ഡോ. വിനിൽ പോൾ, അനഘ പി.ജെ., കൃഷ്ണപ്രിയ രാജീവ്, ഡോ. എൻ.ജെ. ഫ്രാൻസീസ്, ഡോ. കെ.എം. ഷീബ, അപർണ ഗോപാൽ കെ., ഷെഫറീൻ പി.വി., ശ്രീഹരി കെ. പിള്ള, അനുജ എം. രാംദാസ്, അനഘ എം. എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. പ്രദർശനം 21ന് സമാപിക്കും.

# നെഹ്റുട്രോഫി മാധ്യമ അവാർഡ്: എൻട്രി ക്ഷണിച്ചു

**ആലപ്പുഴ:** മാധ്യമപ്രവർത്തകർക്കായി ആലപ്പുഴ നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി ഏർപ്പെടുത്തിയ നെഹ്റുട്രോഫി മാധ്യമ അവാർഡിന് അപേക്ഷിക്കാം. 70ാമത് നെഹ്റു ട്രോഫി ജലമേളയുടെ ഭാഗമായി 2024 ജൂലൈ മുതൽ

സെപ്തംബർ 28 വരെ പത്രങ്ങളിലും ആനുകാലികങ്ങളിലും മലയാളം ടി.വി. ചാനലുകളിലും പ്രസിദ്ധീകരിച്ച, ജലമേളയുടെ പ്രചാരണത്തിനു സഹായകമായ വാർത്താ റിപ്പോർട്ട്, വാർത്താദൃശ്യം എന്നിവയാണ് പരിഗണിക്കുക. പത്രദൃശ്യമാധ്യമ റിപ്പോർട്ടർ, പത്രഫോട്ടോഗ്രാഫർ, ദൃശ്യമാധ്യമത്തിലെ കാമറാമാൻ എന്നിങ്ങനെ നാല് വിഭാഗങ്ങളിലുള്ള മാധ്യമപ്രവർത്തകർക്ക് അപേക്ഷിക്കാം. ട്രോഫിയും 10,001 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.

അച്ചടി മാധ്യമ റിപ്പോർട്ടിങ് അവാർഡിനായി അവ പ്രസിദ്ധീകരിച്ച പത്രത്തിന്റെ അസലും രണ്ട് പകർപ്പും കൂടി അയയ്ക്കണം. വാർത്താ ചിത്രത്തിന്റെ 10 ‍: 8 വലിപ്പത്തിലുള്ള മൂന്നു പ്രതികളും ചിത്രം അച്ചടിച്ച പത്രത്തിന്റെ ഒരു പ്രതിയും വയ്ക്കണം.

മലയാളം ടി.വി. ചാനലിലെ വാർത്താ ബുള്ളറ്റിനിലോ വാർത്താ മാഗസിനിലോ സംപ്രേഷണം ചെയ്ത, ഏഴു മിനിറ്റിൽ കവിയാത്ത റിപ്പോർട്ടുകളുടെ ഡി.വി.ഡി./സി.ഡി. ഫോർമാറ്റ് സമർപ്പിക്കണം. ഇവയുടെ രണ്ടു കോപ്പി നൽകണം. ഒരു ചാനലിൽ നിന്ന് ഓരോ വിഭാഗത്തിലും പരമാവധി അഞ്ച് എൻട്രിയേ പാടുള്ളൂ. എൻട്രിയോടൊപ്പം ചിത്രത്തിന്റെ ടൈറ്റിൽ, ഉള്ളടക്കം, തീയതി, ദൈർഘ്യം, വിവരണം എന്നിവ എഴുതി നൽകണം.

പ്രസിദ്ധപ്പെടുത്തിയ പത്രം, ടി.വി. ചാനൽ എന്നിവയുടെ പേര്, തീയതി, സമയം, ജേണലിസ്റ്റിന്റെ/ഫോട്ടോഗ്രാഫറുടെ/കാമറാമാന്റെ പേര്, വിലാസം എന്നിവ എൻട്രിയോടൊപ്പം മറ്റൊരു പേപ്പറിൽ ചേർത്തിരിക്കണം. ഒരാൾക്ക് ഒരു വിഭാഗത്തിൽ പരമാവധി രണ്ട് എൻട്രികൾ അയയ്ക്കാം. ഒരേ എൻട്രി ഒന്നിലേറെ വിഭാഗങ്ങളിലേക്ക് അയയ്ക്കാൻ പാടില്ല. ഓരോ എൻട്രിയും പ്രത്യേകം കവറിൽ അയക്കണം. കവറിനു പുറത്ത് മത്സരവിഭാഗം ഏതെന്നു രേഖപ്പെടുത്തിയിരിക്കണം. സി.ഡി./ഡി.വി.ഡി.യുടെ പുറത്ത് അപേക്ഷകൻ പേരെഴുതി ഒപ്പിടണം. എൻട്രി അപേക്ഷകൻ തയ്യാറാക്കിയതാണെന്നതിന് ന്യൂസ് എഡിറ്ററുടെയോ സ്ഥാപനത്തിലെ മറ്റ് മേലധികാരിയുടെയോ സാക്ഷ്യപത്രവും വയ്ക്കണം.

എൻട്രികൾ 2025 മാർച്ച് 30 വൈകിട്ട് അഞ്ചിനകം ജില്ല ഇൻഫർമേഷൻ ഓഫീസർ, കൺവീനർ നെഹ്റു ട്രോഫി മാധ്യമ അവാർഡ് കമ്മിറ്റി, ഇൻഫർമേഷൻപബ്ലിക് റിലേഷൻസ് വകുപ്പ്, സിവിൽ സ്റ്റേഷൻ, ആലപ്പുഴ 688 001 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0477 2251349.

# സിനിമ ജനക്ഷേമപ്രവർത്തനങ്ങൾക്കുള്ള ഉപാധി കൂടിയാണ് :മന്ത്രി കെ.എൻ ബാലഗോപാൽ

## ത്രിദിന ചലച്ചിത്ര ശിൽപ്പശാല സമാപിച്ചു

**കൊല്ലം:** ഏറ്റവും ജനസ്വാധീനമേറിയ കലയായ സിനിമ, ക്ഷേമപ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ശക്തമായ ഒരു മാധ്യമം കൂടിയാണെന്ന് ധനകാര്യമന്ത്രി കെ.എൻ. ബാലഗോപാൽ അഭിപ്രായപ്പെട്ടു. ചലച്ചിത്രപ്രവർത്തകരുടെ വീക്ഷണത്തിലൂടെ മാനുഷിക പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന സിനിമകൾ പ്രദർശിപ്പിക്കുകയും അവ പ്രതിപാദിക്കുന്ന വിഷയങ്ങൾ ചർച്ചചെയ്യുകയും വേണം. ജനകീയപ്രശ്നങ്ങൾ കലാരൂപത്തിൽ ആവിഷ്കരിക്കപ്പെടുമ്പോൾ ഗഹനമായ പല പ്രതിസന്ധികളും കൂടുതൽ മനസ്സിലാക്കാനും പരിഹാരമാർഗങ്ങൾ ആരായാനും കഴിയുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായി കിലയുടെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) സഹകരണത്തോടെ നടത്തിയ ത്രിദിന ചലച്ചിത്രശിൽപ്പശാലയുടെ സമാപനച്ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മാർച്ച് 13,14,15 തീയതികളിൽ കൊട്ടാരക്കരയിലെ കില ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററിൽ നടന്ന ശിൽപ്പശാല മന്ത്രി കെ.എൻ ബാലഗോപാൽ ആവിഷ്കരിച്ച സമഗ്ര കൊട്ടാരക്കര എന്ന പദ്ധതിയുടെ സാംസ്കാരിക സംരംഭമാണ്. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ തദ്ദേശ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പടെ 90 പേർ ക്യാമ്പിൽ പങ്കെടുത്തു.

സമാപനച്ചടങ്ങിൽ മന്ത്രി ബാലഗോപാൽ സർട്ടിഫിക്കറ്റ് വിതരണം നിർവഹിച്ചു. ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ അധ്യക്ഷത വഹിച്ചു. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജയദേവി മോഹൻ, കെ.വി മോഹൻകുമാർ ഐ.എ.എസ്, കില ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ് സെന്റർ ഡയറക്ടർ വി.സുദേശൻ, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ്, ക്യാമ്പ് ഡയറക്ടറും സംവിധായകനുമായ ഷെറി ഗോവിന്ദൻ എന്നിവർ പങ്കെടുത്തു.

ശിൽപ്പശാലയുടെ ഭാഗമായി ജനാധിപത്യമൂല്യങ്ങൾ, ലിംഗസമത്വം, ജനക്ഷേമപ്രവർത്തനങ്ങൾ എന്നിവയിലൂന്നിയ സിനിമകളുടെ പ്രദർശനവും സംവാദവും സംഘടിപ്പിച്ചു. ആദ്യദിനമായ വ്യാഴാഴ്ച രാവിലെ 10 മണിയ്ക്ക് നടന്ന സെഷനിൽ കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. ഷിജുഖാൻ 'അധികാരവും ജനാധിപത്യവും' എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. ചടങ്ങിൽ കൊട്ടാരക്കര മുനിസിപ്പൽ ചെയർമാൻ കെ.ഉണ്ണികൃഷ്ണമേനോൻ, കില ഡയറക്ടർ വി.സുദേശൻ, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി.അജോയ്, ക്യാമ്പ് ഡയറക്ടർ ഷെറി ഗോവിന്ദൻ, ഓച്ചിറ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗീതാ കുമാരി, കരീപ്ര ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് എസ്.എസ്. സുവിധ എന്നിവർ പങ്കെടുത്തു. ക്യാമ്പംഗങ്ങൾ സ്വയം പരിചയപ്പെടുത്തി സംസാരിച്ചു. തുടർന്ന് മുഹ്സിൻ മഖ്മൽ ബഫിന്റെ 'ദ പ്രസിഡന്റ്' എന്ന സിനിമയുടെ പ്രദർശനവും സംവാദവും നടന്നു. ഒരു ഏകാധിപതിയെക്കൊണ്ട് ജനങ്ങൾ ജനാധിപത്യത്തിനുവേണ്ടി നൃത്തം ചെയ്യിക്കുന്നതാണ് ചിത്രത്തിന്റെ പ്രമേയം.

രണ്ടാംദിനമായ വെള്ളിയാഴ്ച രാവിലെ ചൈതന്യ തംഹാനെയുടെ മറാത്തി ചിത്രമായ 'കോർട്ട്' പ്രദർശിപ്പിച്ചു. മതിയായ സുരക്ഷാ കവചങ്ങളില്ലാതെ നഗരത്തിലെ ഓടയിലിറങ്ങി ജോലി ചെയ്ത ഒരാൾ വിഷവാതകം ശ്വസിച്ച് മരിക്കാനിടയായ സംഭവത്തിന്റെ ഉത്തരവാദിത്തത്തിൽനിന്ന് രക്ഷപ്പെടാൻ ഒരു ദലിത് ആക്റ്റിവിസ്റ്റിൽ ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തുന്ന വ്യവസ്ഥിതിയെ തുറന്നുകാട്ടുകയാണ് ഈ ചിത്രം . പ്രദർശനത്തെ തുടർന്ന് വിശദമായ സംവാദം നടന്നു.

തുടർന്ന് ആർ. പാർവതീദേവി 'അധികാരവും ലിംഗസമത്വവും' എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. ക്യാമ്പ് അംഗങ്ങളുമായി സംവദിക്കുകയും ചെയ്തു. വൈകിട്ട് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ നിർമ്മിച്ച് ശ്രുതി ശരണ്യം സംവിധാനം ചെയ്ത 'ബി.32 മുതൽ 44 വരെ' എന്ന സിനിമ പ്രദർശിപ്പിച്ചു. അഞ്ച് സ്ത്രീകളും ഒരു ട്രാൻസ്മാനും നേരിടുന്ന ജീവിതപ്രതിസന്ധികൾ അവതരിപ്പിക്കുന്ന ചിത്രമാണിത്.

മൂന്നാം ദിനമായ ശനിയാഴ്ച രാവിലെ 'ജനക്ഷേമപ്രവർത്തനങ്ങളിലെ ഭരണകൂട കുരുക്കുകൾ' എന്ന വിഷയത്തിൽ കെ.വി മോഹൻകുമാർ ഐ.എ.എസ് സംസാരിച്ചു.

തുടർന്ന് കെൻ ലോച്ച് സംവിധാനം ചെയ്ത ഐ ഡാനിയേൽ ബ്ളേക്ക്' എന്ന ചിത്രം പ്രദർശിപ്പിച്ചു. ശിൽപ്പശാലയിൽ എല്ലാ ചിത്രങ്ങളും മലയാളം ഉപശീർഷകങ്ങളോടെയാണ് പ്രദർശിപ്പിച്ചത്.

# ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കും : മന്ത്രി ജി ആർ അനിൽ

**തിരുവനന്തപുരം:** ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള സർക്കാർ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുമെന്നും ഓൺലൈൻ, ഡയറക്ട് മാർക്കറ്റിംഗ് തുടങ്ങിയ പുതിയ കച്ചവടരീതികളുടെ കാലഘട്ടത്തിൽ ഉപഭോക്തൃ സംരക്ഷണത്തിനും അവകാശത്തിനും വളരെ പ്രാധാന്യമുണ്ടെന്നും പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി ആർ അനിൽ പറഞ്ഞു. അമിത ഉപഭോഗം നിയന്ത്രിച്ചും പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്തും ഭാവിതലമുറകളെ കണക്കിലെടുത്ത് ഉത്തരവാദിത്വ ബോധമുള്ള ഹരിത ഉപഭോക്തൃ സംസ്കാരം ശീലമാക്കണം. ലീഗൽ മെട്രോളജി വകുപ്പ് സംഘടിപ്പിച്ച ഉപഭോക്തൃ ദിനാചരണം ലീഗൽ മെട്രോളജി ഭവനിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.



ഉപഭോക്താക്കളെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും ധാർമികമായ വ്യാപാര സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് മാർച്ച് 15 ന് ഉപഭോക്തൃദിനം ആചരിക്കുന്നത്. 'സുസ്ഥിര ജീവിതശൈലിയിലേക്കുള്ള ഒരു നീതിയുക്തമായ പരിവർത്തനം' എന്നതാണ് ഇക്കൊല്ലത്തെ ലോക ഉപഭോക്തൃ അവകാശദിന ആപ്തവാക്യം. ഉപഭോക്താക്കൾ എന്ന നിലയിൽ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിലും, സേവനങ്ങൾ സ്വീകരിക്കുന്നതിലും ശരിയായ അവബോധവും ഉത്തരവാദിത്വവും നമ്മൾ പുലർത്തണം.

ഉപഭോക്താക്കൾ നേരിടുന്ന ചൂഷണങ്ങൾക്ക് അടിസ്ഥാന കാരണം അവകാശങ്ങളെക്കുറിച്ചുള്ള അവബോധമില്ലായ്മയാണ്. ഉപഭോക്തൃ ബോധവത്ക്കരണം വിദ്യാർത്ഥികളിൽ നിന്നും ആരംഭിച്ച് സമൂഹത്തിന്റെ വിവിധ തലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിനായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിച്ചു വരികയാണ്. 2025 അവസാനത്തോടെ ആയിരം കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിക്കുകയാണ് ലക്ഷ്യം.

ഓൺലൈൻ കേസ് ഫയലിംഗ് സംവിധാനമായ ഇദാഖിൽ, എല്ലാ കമ്മീഷനുകളിലും സൗജന്യ നിയമ സഹായ കേന്ദ്രങ്ങൾ, ഉപഭോക്തൃ കമ്മീഷനിലെ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും മീഡിയേഷൻ കേന്ദ്രങ്ങൾ, നവമാധ്യമങ്ങളിലൂടെ ഉപഭോക്തൃ കമ്മീഷനുകളുടെ ഉത്തരവുകളും പ്രവർത്തനങ്ങളും ജനങ്ങളിലെത്തിക്കുന്നതിനുള്ള മീഡിയ ലാബ് തുടങ്ങി ഉപഭോക്തൃ കമ്മീഷനുകൾ ജനസൗഹൃദമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

2021 ലെ ഡയറക്ട് സെല്ലിംഗ് കേന്ദ്ര ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഡയറക്ട് സെല്ലിംഗ് മേഖലയിലെ അനഭിലഷണീയ കച്ചവട പ്രവണതകൾ തടയുന്നതിനും ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനുമായി പ്രവർത്തന മാർഗരേഖയും ഉന്നതഉദ്യോഗസ്ഥർ ഉൾപ്പെടുന്ന മോണിറ്ററിങ് അതോറിറ്റിയും കേരളം നടപ്പിലാക്കിയിട്ടുണ്ട്. രാജ്യത്തിന് തന്നെ മാതൃകയായ തരത്തിലുള്ള ഈ ചുവടുവയ്പ് ഡയറക്ട് സെല്ലിംഗ് ബിസിനസിന്റെ നിയമസാധുതയും പ്രൊഫഷണലിസവും മെച്ചപ്പെടുത്തും. സർക്കാർ സംവിധാനത്തിനു മാത്രമായി ഒരു മേഖലയിലേയും തട്ടിപ്പുകൾ പൂർണമായും തുടച്ചുനീക്കാനാകില്ലെന്നും ജാഗ്രതയോടെയുള്ള പെരുമാറ്റത്തിലൂടെ തട്ടിപ്പുകൾക്കെതിരെ പ്രതിരോധിക്കാൻ കഴിയണമെന്നും മന്ത്രി പറഞ്ഞു.

വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഭക്ഷ്യ കമ്മീഷൻ ചെയർമാൻ ഡോ ജിനു സക്കറിയ ഉമ്മൻ, ലീഗൽ മെട്രോളജി കൺട്രോളർ വി കെ അബ്ദുൽ കാദർ, അഡീഷണൽ കൺട്രോളർ ആർ റീന ഗോപാൽ തുടങ്ങിയവർ സംസാരിച്ചു.

# അഭ്യസ്തവിദ്യർക്ക് തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായം സർക്കാർ ഉറപ്പാക്കും: മന്ത്രി പി പ്രസാദ്

**ചേർത്തല:** അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് മികച്ച ജോലി കണ്ടെത്തുന്നതിന് സാധ്യമായ എല്ലാ സഹായങ്ങളും സർക്കാർ ഉറപ്പാക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററും നാഷണൽ കരിയർ സർവീസും സംയുക്തമായി ചേർത്തല ഗവ. പോളിടെക്നിക്കിൽ സംഘടിപ്പിച്ച പ്രയുക്തി മിനി തൊഴിൽമേള ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

തൊഴിൽ അന്വേഷിക്കുന്നവരെ സഹായിക്കുന്നതിനായി വിവിധതരം തൊഴിൽമേളകൾ പലതലങ്ങളിലായി സർക്കാർ നടത്തിവരുന്നുണ്ട്. ഇതിനെല്ലാം മികച്ച പ്രതികരണങ്ങളാണ് ലഭിക്കുന്നത്. ചേർത്തലയിലെ ഉദ്യോഗാർത്ഥികൾക്കായി ഉടൻതന്നെ ഒരു തൊഴിൽമേള സംഘടിപ്പിക്കുമെന്നും അതിനായി പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ നിരവധി തൊഴിൽദാതാക്കളുമായി ചർച്ച നടത്തിവരികയാണെന്നും മന്ത്രി പറഞ്ഞു. തൊഴിൽമേളയ്ക്കൊപ്പം ഉദ്യോഗാർഥികൾക്ക് മികച്ച അവസരങ്ങൾ ലഭിക്കുന്നതിന് അധിക പരിശീലനം നൽകുന്നതിനുള്ള ഒരുക്കങ്ങളും നടത്തിവരികയാണ്. ജോലി വാഗ്ദാനം നൽകി ഉദ്യോഗാർത്ഥികളിൽ നിന്ന് പണം തട്ടുന്ന കേസുകൾ വർദ്ധിച്ചു വരുന്നുണ്ട്. അത്തരം കെണികളിൽ പെടാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്നും വിദേശ ജോലി തട്ടിപ്പുകളിൽ വീഴാതിരിക്കാൻ ഉദ്യോഗാർത്ഥികൾ നോർക്കയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയതിനുശേഷം മാത്രമേ മറ്റ് നടപടികളിലേക്ക് കടക്കാവൂ എന്നും മന്ത്രി പറഞ്ഞു. 482 ഉദ്യോഗാർത്ഥികൾ പങ്കെടുത്ത തൊഴിൽ മേളയിൽ 152 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചു. 237 പേർ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഉദ്ഘാടന ചടങ്ങിൽ ചേർത്തല നഗരസഭ അധ്യക്ഷ ഷേർളി ഭാർഗവൻ അധ്യക്ഷയായി. നഗരസഭ വിദ്യാഭ്യാസ സ്ഥിരംസമിതി അധ്യക്ഷ ഏലിക്കുട്ടി ജോൺ, നഗരസഭാംഗം സീമാ ഷിബു, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കെ എം മാത്യൂസ്, വൊക്കേഷൻ ഗൈഡൻസ് എംപ്ലോയ്മെന്റ് ഓഫീസർ പി ആർ അമ്പിളി, ഗവ. പോളിടെക്നിക് പ്രിൻസിപ്പൽ എൽ മിനിമോൾ, കോളേജ് പ്ലേസ്മെന്റ് ഓഫീസർ എം മനൂപ്, ചേർത്തല എംപ്ലോയ്മെന്റ് ഓഫീസർ വി വി മിനി, എംപ്ലോയ്മെന്റ് ഓഫീസർ (പ്ലേസ്മെന്റ്) മേഴ്സി ജോസഫ്, ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർമാരായ പിറ്റി മെൽബിൻ, ലിഷ വർഗീസ് തുടങ്ങിയവർ പങ്കെടുത്തു.



# നേര്യമംഗലം പുതിയ പാലം: നിർമാണം ത്വരിതഗതിയിൽ

**തൊടുപുഴ:** കൊച്ചിമൂന്നാർ പാതയുടെ നവീകരണ പ്രവൃത്തികളുടെ ഭാഗമായി പെരിയാറിനു കുറുകേ നേര്യമംഗലത്ത് നിർമാണം നടന്നുവരുന്ന പാലം ഒക്ടോബറിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി ഡീൻ കുര്യാക്കോസ് എംപി പറഞ്ഞു. പഴയ പാലത്തിനു സമീപമായി അതെ ഡിസൈനിലാണ് പുതിയ പാലത്തിൻറെ നിർമാണ ജോലികൾ നടന്നുവരുന്നത്. 240 മീറ്റർ ദൂരം, 11 മീറ്റർ വീതി, അഞ്ചു സ്പാനുകൾ, രണ്ട് അബ്റ്റ്മെൻറുകൾ, പാലത്തിൻറെ ഇരു വശങ്ങളിലും നടപ്പാത എന്നിവയോടു കൂടിയാണ് നിർമാണ ജോലികൾ പുരോഗമിക്കുന്നത്.അടിമാലി പഞ്ചായത്തിൽ ഉൾപ്പെടുന്ന നേര്യമംഗലം വനമേഖലയിൽ ഭൂമി വിട്ടുകിട്ടുന്നതിന് കാലതാമസം നേരിട്ടെങ്കിലും പ്രശ്നങ്ങൾ പരിഹരിച്ച് നിർമാണജോലികൾ ത്വരിതഗതിയിൽ മുന്നോട്ടുപോവുകയാണ്. വീതി കുറവുള്ള പ്രദേശങ്ങളിൽനിന്നു ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് എംപി പറഞ്ഞു. എൻഎച്ച് 85 പ്രോജക്ട് ഡയറക്ടർ പ്രദീപ് കുമാറിൻറെ നേതൃത്വത്തിൽ വിവിധ ഉദ്യോഗസ്ഥന്മാരും പഞ്ചായത്ത് പ്രസിഡൻറ് സിബി മാത്യു, മുൻ പഞ്ചായത്ത് പ്രസിഡൻറ് സൈജൻറ് ചാക്കോ, ജൈമോൻ ജോസ്, പി. ആർ. രവി, പഞ്ചായത്ത് സെക്രട്ടറി ആർ. സേതു, കരാർ കമ്പനി പ്രതിനിധികൾ എന്നിവരും പാലത്തിൻറെ നിർമാണ പുരോഗതി വിലിയിരുത്താനെത്തി.

# വയനാട് ജില്ലയിൽ ആദ്യ പാസ്പോർട്ട് സേവാ കേന്ദ്രം കൽപ്പറ്റയിൽ ആരംഭിക്കും

**ബത്തേരി:** ജില്ലയിലെ ആദ്യ പാസ്പോർട്ട് സേവ കേന്ദ്രം കൽപ്പറ്റ ഹെഡ് പോസ്റ്റ് ഓഫീസിൽ ഏപ്രിലോടെ ആരംഭിക്കുമെന്ന് കേന്ദ്ര പോസ്റ്റൽ സർവ്വീസ് ബോർഡ് അംഗം വീണ ആർ. ശ്രീനിവാസ് പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ആസ്പിരേഷണൽ പദ്ധതികളുടെ ജില്ലാതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. പോസ്റ്റൽ വകുപ്പ് നടപ്പാക്കുന്ന വിവിധ സമ്പാദ്യ ഇൻഷുറൻസ് സേവനങ്ങൾ എല്ലാ വിഭാഗം ആളുകളിലേക്കും എത്തിക്കാൻ ജില്ലാ ഭരണകൂടം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വകുപ്പുകൾ ഇടപെടൽ നടത്തണമെന്നും ബാങ്കിങ് സൗകര്യം



ലഭ്യമല്ലാത്ത ഗ്രാമങ്ങളിൽ ബാങ്കിങ് സേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കുമെന്നും യോഗത്തിൽ ബോർഡ് അംഗം പറഞ്ഞു. പോസ്റ്റ്മാൻമാർ മുഖേന പണം നിക്ഷേപിക്കാനും പിൻവലിക്കാനും സൗകര്യമുണ്ട്. പൊതുജനങ്ങൾക്ക് കുറഞ്ഞ പ്രീമിയത്തിൽ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാമെന്നും ആധാർ നമ്പർ നൽകി മൂന്ന് മിനിറ്റിൽ അക്കൗണ്ട് ആരംഭിക്കാൻ കഴിയുമെന്നും യോഗത്തിൽ അറിയിച്ചു. രാജ്യത്ത് 1.65 ലക്ഷം പോസ്റ്റ് ഓഫീസുകളാണ് പ്രവർത്തിക്കുന്നത്. ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ അധ്യക്ഷയായ യോഗത്തിൽ കോഴിക്കോട് പോസ്റ്റ് ഓഫീസ് സീനിയർ സൂപ്രണ്ട് വി ശാരദ, ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് ബ്രാഞ്ച് മാനേജർ നിയ ലിസ് ജോസ്, വി.ബി ഗണേഷ് കുമാർ, തലശ്ശേരി ഡിവിഷൻ പോസ്റ്റ് ഓഫീസ് സുപ്രണ്ട് പി.സി. സജീവൻ, ജില്ലാ പ്ലാനിങ് ഓഫീസർ എം. പ്രസാദൻ, വിവിധ വകുപ്പ് ജില്ലാതല മേധാവികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു

# ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി സംഗമം

**തിരുവനന്തപുരം:** പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളിൽ സംസ്ഥാനത്ത് നടന്ന മികച്ചതും മാതൃകാപരവുമായ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ലോക ജലദിനത്തോടനുബന്ധിച്ച് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി സംഗമം സംഘടിപ്പിക്കുന്നു. ജലസുരക്ഷ, ശുചിത്വവും മാലിന്യ സംസ്കരണവും, നെറ്റ് സീറോ കാർബൺ കേരളം, പച്ചത്തുരുത്തുകൾ, പുഴകളുടെയും നീർച്ചാലുകളുടെയും ജനകീയ വീണ്ടെടുപ്പ്, ജലബജറ്റ്, മാലിന്യമുക്തനവകേരളം ജനകീയ ക്യാമ്പയിൻ തുടങ്ങി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ സംസ്ഥാനത്ത് നടപ്പാക്കിയ പ്രവർത്തനങ്ങളാണ് പരിസ്ഥിതി സംഗമത്തിലെ പ്രധാന വിഷയങ്ങൾ.

മാർച്ച് 24, 25 തീയതികളിലായി തിരുവനന്തപുരം ടാഗോർ തിയറ്ററിൽ സംഘടിപ്പിക്കുന്ന പരിസ്ഥിതി സംഗമം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. രണ്ട് ദിവസങ്ങളിലായി നടക്കുന്ന സംഗമത്തിൽ മന്ത്രിമാരും പരിസ്ഥിതി മേഖലയിലെ വിദഗ്ദരും പങ്കെടുക്കും. കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളും ഈ സംഗമത്തിന്റെ ഭാഗമാകും. പരിസ്ഥിതി ജലസംരക്ഷണ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുകരിക്കാവുന്ന മാതൃകകൾ പരിചയപ്പെടുത്തുന്നതിനൊപ്പം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ക്യാമ്പയിനുകളിൽ ശ്രദ്ധേയമായ പ്രവർത്തനം നടത്തുന്ന തദ്ദേശസ്ഥാപനങ്ങളുടെ അവതരണങ്ങളും സംഗമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ പറഞ്ഞു.

2025 ലെ ലോക ജലദിനത്തിന്റെ പ്രതിപാദ്യ വിഷയം 'ഹിമാനികളുടെ സംരക്ഷണം' എന്നതാണ്. പാരിസ്ഥിതിക മേഖലയിൽ ഹരിതകേരളം മിഷന്റെ ഏകോപനത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ നടത്തിയ പ്രവർത്തനങ്ങളുമായി ഏറെ ചേർന്നു നിൽക്കുന്നതാണ് ഈ വിഷയം. അതുകൊണ്ട് തന്നെ ലോകജലദിനവുമായി ബന്ധപ്പെട്ടാണ് ഇങ്ങനെ ഒരു പരിസ്ഥിതി സംഗമം സംഘടിപ്പിക്കുന്നതെന്നും ടി.എൻ. സീമ അറിയിച്ചു.

ജനകീയ പങ്കാളിത്തത്തോടെ നടത്തിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ, വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ തുടങ്ങിയവരുടെ അനുഭവം പങ്കുവയ്ക്കുന്നതിനും വിദഗ്ധരുടെ അഭിപ്രായം തേടുന്നതിനും ശ്രദ്ധേയമായ പ്രവർത്തനം നടത്തിയവരെ ആദരിക്കുന്നതിനുമായുള്ള വേദി കൂടിയായി 'പരിസ്ഥിതി സംഗമം' മാറും.

# ലോക വൃക്ക ദിനാചരണം: പെരിറ്റോണിയൽ ഡയാലിസിസ് പരിശീലനം സംഘടിപ്പിച്ചു

**ബത്തേരി:** ആരോഗ്യ വകുപ്പ് ആരോഗ്യ കേരളത്തിന്റെ ആഭിമുഖ്യത്തിൽ തരിയോട് ജില്ലാ പരിശീലന കേന്ദ്രത്തിൽ സംഘടിപ്പിച്ച ലോക വൃക്ക ദിനാചരണവും മെഡിക്കൽ ഓഫീസർമാർക്ക് പെരിറ്റോണിയൽ ഡയാലിസിസ് പരിശീലനവും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ടി മോഹൻദാസ് ഉദ്ഘാടനം ചെയ്തു. ലോക വൃക്ക ദിനാചരണത്തിന്റെ ഭാഗമായി രോഗങ്ങൾ നേരത്തെ കണ്ടെത്തി തടയൽ, ആരോഗ്യകരമായ ജീവിത ശൈലിയിലൂടെ വൃക്കകളുടെ ആരോഗ്യം സംരക്ഷിക്കൽ, ആരോഗ്യവിദ്യാഭ്യാസസാമൂഹിക ബോധവത്ക്കരണം, പരിശോധനാ ക്യാമ്പുകൾ എന്നിവ ജില്ലയിൽ സംഘടിപ്പിക്കുന്നുണ്ട്. നിങ്ങളുടെ വൃക്കകൾ ഓകെ ആണോ, നേരത്തേ കണ്ടെത്തുക, ആരോഗ്യം കാത്തുസൂക്ഷിക്കുക എന്നതാണ് ഈ വർഷത്തെ ദിനാചരണ സന്ദേശം. പരിപാടിയിലൂടെ സാമൂഹിക പങ്കാളിത്തത്തോടെ ജീവിതശൈലീ രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും. ജില്ലാ എൻസിഡി നോഡൽ ഓഫീസർ ഡോ കെ.ആർ ദീപ അധ്യക്ഷയായ പരിപാടിയിൽ ഡോ മൂപ്പൻസ് മെഡിക്കൽ കോളേജിലെ സീനിയർ നെഫ്രോളജി സ്പെഷലിസ്റ്റ് ഡോ എസ് സൂരജ് ജില്ലയിലെ മെഡിക്കൽ ഓഫീസർമാർക്ക് പെരിറ്റോണിയൽ ഡയാലിസിസിൽ പരിശീലനം നൽകി.

# ട്യൂട്ടർ അഭിമുഖം

**ബത്തേരി:** വയനാട് സർക്കാർ നഴ്സിംഗ് കോളേജിൽ ട്യൂട്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് താൽകാലിക നിയമനത്തിന് മാർച്ച് 22 ന് അഭിമുഖം നടത്തും. എം.എസ്.സി നഴ്സിംഗ് യോഗ്യതയും, കെഎൻഎംസി പെർമനന്റ് രജിസ്ട്രേഷനും ഉള്ള ഉദ്യോഗാർഥികൾക്ക് പങ്കെടുക്കാം. താൽപര്യമുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പ്രവൃത്തി പരിചയം തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ്സ് തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം രാവിലെ 11 മണിക്ക് വയനാട് സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നടക്കുന്ന കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം.




**പനമ്പിള്ളി നഗർ റോട്ടറി ബാലഭവനിൽ പ്രവർത്തിക്കുന്ന ചൈൽഡ് കെയർ സെന്ററിന്റെ 30ാം വർഷിക ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മിനി മാരത്തൺ രാജേന്ദ്രമൈതാനിക്ക് സമീപമുള്ള ഗാന്ധി പ്രതിമയ്ക്ക് മുന്നിൽ മുതിർന്ന ശിശുരോഗ വിദഗ്ധൻ ഡോ. എം. വേണുഗോപാൽ ഫ്ളാഗ് ഓഫ് ചെയ്യുന്നു.**

# ചൈൽഡ് കെയർ സെന്റർ 30–ാം വർഷത്തിലേയ്ക്ക്: വിപുലമായ ആഘോഷ പരിപാടികൾക്ക് തുടക്കമായി

**കൊച്ചി :** ജില്ലാ കളക്ടർ ചെയർമാനായ എറണാകുളം പനമ്പിള്ളി നഗറിലെ റോട്ടറി ബാലഭവനിൽ പ്രവർത്തിക്കുന്ന ചൈൽഡ് കെയർ സെന്റർ 30ാം വർഷത്തിലേയ്ക്ക് പ്രവേശിക്കുന്നു. ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക് കൊച്ചി ശാഖയുടെയും എറണാകുളം ജില്ലാ ശിശുക്ഷേമ സമിതിയുടെയും സംയുക്ത സംരംഭമാണ് ചൈൽഡ് കെയർ സെന്റർ.

കുട്ടികളിലെ പഠനവൈകല്യ നിർണയം, നിവാരണം, ശ്രവണ വൈകല്യ നിർണയം, നിവാരണം, നവജാത ശിശുക്കളിലെ ശ്രവണവൈകല്യം കണ്ടു പിടിക്കുന്നതിനുള്ള കേന്ദ്രീകൃത ശ്രവണവൈകല്യ നിർണയ പദ്ധതി തുടങ്ങിയ മേഖലകളിലാണ് ചൈൽഡ് കെയർ സെന്ററിന്റെ പ്രധാന പ്രവർത്തനം.1995ൽ ആണ് ചൈൽഡ് കെയർ സെന്റർ പ്രവർത്തനം തുടങ്ങുന്നത്.

എത്ര പഠിപ്പിച്ചിട്ടും നിസ്സാര തെറ്റുകൾ ആവർത്തിക്കുക, ചോദിച്ചാൽ ശരിയായ ഉത്തരം പറയുന്ന കുട്ടി എഴുതാൻ ബുദ്ധിമുട്ടുക, ബുദ്ധിയുണ്ടായിട്ടും പരിക്ഷയിൽ മാർക്ക് കിട്ടാതിരിക്കുക, എല്ലാത്തിനും മിടുക്കനായ കുട്ടി പഠിത്തത്തിൽ മാത്രം പിന്നോട്ടുപോകുക, ഇവയിലെതെങ്കിലും ഒരു കുട്ടിയിൽ കാണുകയാണെങ്കിൽ അവനെ ശിക്ഷിക്കുന്നതിനുമുമ്പ് ഒരുനിമിഷം ആലോചിക്കണം, അവന് പഠനവൈകല്യം ഉണ്ടോ എന്ന്, അത് അവന്റെ ഉഴപ്പോ മടിയോ ആയിരിക്കണമെന്നില്ല എന്ന് സാരം. തലച്ചോറിന്റെ എല്ലാ ഭാഗങ്ങളും വേണ്ടവിധം ഏകോപനത്തോടെ പ്രവർത്തിക്കാത്തതാണ് പഠനവൈകല്യത്തിന്റെ മൂലകാരണം. സാമ്യമുള്ള അക്കങ്ങളും അക്ഷരങ്ങളും തെറ്റിക്കുന്നത് ഇതിന് ഉദാഹരണമാണ്. W ന് പകരണം M എഴുതുക, ഡ യ്ക്ക് പകരം സ എഴുതുക. p ക്ക് പകരം q എഴുതുക, കണക്കിൽ 6ഉം 9തും തമ്മിൽ മാറിപ്പോവുക എന്നിങ്ങനെയാണിത് പ്രതിഫലിക്കുക. എഴുത്തിൽ മാത്രമാകണമെന്നില്ല സംസാരം, കേൾവി, വ്യാകരണത്തിന്റെ പ്രയോഗം, എന്നിവയിലും കുട്ടികൾക്ക് പ്രശ്നം ഉണ്ടാകാം. സാധാര സ്കൂളിലെത്തുമ്പോഴാണ് ഈ ന്യൂനത പുറത്ത് വരാറുള്ളത്. ഇതിന് പ്രത്യേകിച്ച് മരുന്നൊന്നും ഇല്ല. പ്രത്യേക പഠനരീതി സ്വീകരിച്ചാൽ നല്ല മാറ്റം കാണാം. പഠന നിലവാരം ഉയർത്തുകയും ചെയ്യാം. എത്രയും പെട്ടെന്ന് തന്നെ കണ്ടെത്തുക എന്നതാണ് ഏറ്റവും പ്രധാനം. വിദ്യാഭ്യാസ വിദഗ്ധർ, മനഃശാസ്ത്രജ്ഞർ, ശിശുരോഗ വിദഗ്ധർ, മനോരോഗ വിദഗ്ധർ, സാമൂഹിക പ്രവർത്തകർ, ഭാഷസംസാര വിദഗ്ധർ തുടങ്ങിയവരുടെ കൂട്ടായ്മയിലാണ് ചൈൽഡ് കെയർ സെന്റർ പ്രവർത്തിക്കുന്നതെന്ന് ഡയറക്ടർ ഡോ.എബ്രാഹം കെ. പോൾ പറഞ്ഞു.

കഴിഞ്ഞ 30 വർഷമായി നിശ്ശബ്ദ സേവനമാണ് നടത്തിവരുന്നത്. ചൈൽഡ് കെയർ മുന്നോട്ട് വച്ച പല നൂതന ആശയങ്ങളും പദ്ധതികളും സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും, ശിശുസൗഹൃദ സംസ്ഥാന മെന്ന നേട്ടം കൈവരിക്കാൻ ഇത് ഉപകരിക്കുകയും ചെയ്തിട്ടുണ്ട്. 30 ാം വാർഷികാഘോഷത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംഘടിപ്പിച്ച മിനി മാരത്തണിന്റെ ഫ്ളാഗ് ഓഫ് മുതിർന്ന ശിശുരോഗ വിദഗ്ധൻ ഡോ. എം.വേണുഗോപാൽ രാജേന്ദ്രമൈതാനിക്ക് സമീപമുള്ള ഗാന്ധി പ്രതിമയ്ക്ക് മുന്നിൽ നിർവ്വഹിച്ചു. എറണാകുളം നഗരത്തിലെ 30 ൽ പരം ശിശുരോഗ വിദഗ്ധർ പങ്കെടുത്തു.

# മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നുള്ള പരമാവധി പേർക്ക് തൊഴിൽ നൽകുക സർക്കാർ ലക്ഷ്യം

**കൊച്ചി:** സർക്കാരിന്റെ കാലാവധി പൂർത്തിയാകുന്നതിന് മുൻപ് മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നുള്ള പരമാവധി പേർക്ക് തൊഴിൽ നൽകുക എന്നതാണ് ലക്ഷ്യമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ. തൊഴിൽ തീരം പദ്ധതി പോലെ തീരദേശത്തെ മാത്രം ലക്ഷ്യം വെച്ചുള്ള ഒരു പദ്ധതി നടപ്പാക്കുന്നത് ലോകത്ത് തന്നെ ആദ്യമായിട്ടായിരിക്കുമെന്നും മന്ത്രി പറഞ്ഞു. ഫിഷറീസ് വകുപ്പിന്റെ തൊഴിൽ തീരം കരിയർ കാറ്റലിസ്റ്റ് നൈപുണ്യ പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

തീരദേശത്തെ നിത്യ ദാരിദ്ര്യം അവസാനിപ്പിക്കാനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാനും ലക്ഷ്യമിട്ടാണ് തൊഴിൽ തീരം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അതിനു പുറത്തുള്ള മറ്റൊരു തൊഴിൽ എങ്ങനെ നൽകാം എന്ന ചിന്തയായിരുന്നു ഇതിന് കാരണം. ഭാഷ, ശാസ്ത്ര സാങ്കേതിക രംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളൽ, തൊഴിലിന് അനുസൃതമായ നൈപുണ്യ വികസനം എന്നീ കാര്യങ്ങൾക്ക് പ്രാധാന്യം നൽകിയാൽ ഈ പദ്ധതി പൂർണമായും ലക്ഷ്യം കാണും.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കിയ സംസ്ഥാനമാണ് കേരളം. കഴിഞ്ഞ എട്ട് വർഷത്തിനിടെ 86 പേരാണ് തീരദേശ മേഖലയിൽ നിന്ന് ഡോക്ടർമാരായത്. നിരവധി എഞ്ചിനീയർമാരുണ്ടായി. വിദേശത്ത് ഉന്നതവിദ്യാഭ്യാസം നടത്താൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അതിനുള്ള സഹായം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

തൊഴിൽ, വിദ്യാഭ്യാസം, ക്ഷേമം, ഭവനം എന്നിവ അടങ്ങുന്ന പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നത്. തീരദേശ മേഖലയിൽ ഇതിനോടകം 24,000 വീടുകളാണ് നൽകിയത്. വാസയോഗ്യമല്ലാത്ത വീടുകൾ നവീകരിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. വികസനത്തിന്റെ കാര്യത്തിൽ സങ്കുചിത മനോഭാവം ഇല്ലാതെ ഒന്നിച്ച് നിന്നാൽ വലിയ മാറ്റങ്ങൾ കൊണ്ട് വരാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വൈപ്പിൻ റൂറൽ അക്കാദമി ഫോർ മാനേജ്മെന്റ് സ്റ്റഡീസിൽ (റാംസ്) നടന്ന ചടങ്ങിൽ കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ അധ്യക്ഷനായി. വിജ്ഞാന തൊഴിൽ മേഖലയിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നുള്ള കുട്ടികളുടെ പ്രാതിനിധ്യം കുറവാണെന്നും അത് മനസിലാക്കിയാണ് ഫിഷറീസ് വകുപ്പ് തൊഴിൽ തീരം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്നും ഉണ്ണികൃഷ്ണൻ പറഞ്ഞു.

തീരദേശ വായനശാലകളെ ഇലേണിംഗ് കേന്ദ്രങ്ങളാക്കുന്ന പ്രതിഭാതീരം പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ തിരഞ്ഞെടുത്ത വായനശാലകൾക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, പ്രൊജക്ടർ തുടങ്ങിയ ഉപകരണങ്ങളും, വിവിധ ക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങളും ചടങ്ങിൽ വിതരണം ചെയ്തു.

നോളജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി.എസ് ശ്രീകല, പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.എസ് നിബിൻ, മിനി രാജു, നീതു ബിനോദ്, ജില്ലാ പഞ്ചായത്ത് അംഗം എം.ബി ഷൈനി, ബ്ലോക്ക് പഞ്ചായത്ത് അംഗം ഇ.കെ ജയൻ, ഫിഷറീസ് വകുപ്പ് ജോയിന്റ് ഡയറക്ടർമാരായ എസ്. മഹേഷ്, ഡോ. ആശ അഗസ്റ്റിൻ, തുടങ്ങിയവർ പങ്കെടുത്തു.

# സ്നേഹിത പോലീസ് സ്റ്റേഷൻ എക്സ്റ്റൻഷൻ സെൻററുകൾ പ്രവർത്തനം തുടങ്ങി

**കൊച്ചി:** സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ മിഷനും ആഭ്യന്തര വകുപ്പും സംയുക്തമായി നടപ്പാക്കുന്ന 'സ്നേഹിത' പോലീസ് സ്റ്റേഷൻ എക്സ്റ്റൻഷൻ സെൻററുകൾ എറണാകുളം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. ജില്ലയിലെ ഒമ്പത് കേന്ദ്രങ്ങളിലെ സെൻററുകളുടെ ഉദ്ഘാടനം വിവിധ കേന്ദ്രങ്ങളിൽ എംഎൽഎ മാർ, ജില്ലാ കളക്ടർ, നഗരസഭ അധ്യക്ഷന്മാർ മുതലായവർ നിർവഹിച്ചു. പൊലീസ് സ്റ്റേഷനുകളിൽ പരാതി നൽകാനെത്തുന്നവർക്ക് മാനസിക പിന്തുണയും കൗൺസിലിങ് സേവനങ്ങളും നൽകും.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുക, ഇരകളായവർക്ക് അടിയന്തര മാനസിക പിന്തുണയും നിയമാവബോധവും നൽകുക, അവരെ സമൂഹത്തിൽ പ്രതികരണ ശേഷിയുള്ളവരാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിയ്ക്കുന്നത്.

പൊലീസ് സ്റ്റേഷനുകളിൽ പരാതി നൽകാനെത്തുന്നവർക്ക് ആവശ്യമായ മാനസിക പിന്തുണ നൽകുക എന്നതാണ് സെൻററുകളുടെ മുഖ്യലക്ഷ്യം. കുടുംബശ്രീ ജെൻഡർ ടീം അംഗങ്ങളായ കമ്മ്യൂണിറ്റി കൗൺസിലർമാരാണ് സേവനം നൽകുന്നത്. തീവ്രമായ മാനസിക സമ്മർദ്ദം നേരിടുന്നവർക്കായി റഫറൽ സംവിധാനം വഴിയുള്ള വിദഗ്ധ ചികിത്സയും സെൻററുകളിൽ ലഭ്യമാക്കും.

സ്നേഹിത സെൻററുകളിൽ കൗൺസിലിങ് റൂം, ശുചിമുറി തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. അതിരൂക്ഷമായ മാനസിക സമ്മർദ്ദം നേരിടുന്നവർക്കായി ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് എന്നിവരുടെ റെഫറൽ സേവനവും ലഭ്യമാക്കും.

പദ്ധതിയുടെ ഏകോപനത്തിനായി സംസ്ഥാന, ജില്ലാ തലങ്ങളിൽ കോർ കമ്മിറ്റി രൂപീകരിക്കും. ജില്ലാ പൊലീസ് മേധാവിയുടെ മേൽനോട്ടത്തിലായിരിക്കും പ്രവർത്തനം. പ്രത്യേക കേസുകളിൽ പൊലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നിർദേശപ്രകാരം സെൻറർ പ്രവർത്തകർ ഫീൽഡ് തല പ്രവർത്തനങ്ങളിലും ഏർപ്പെടും.

# ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ടെക്നോളജി ക്ലിനിക് മാർച്ച് 19ന്

**കൊച്ചി:** ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ഭക്ഷ്യ സംസ്കരണത്തിലെ പുതിയ പ്രവണതകൾ എന്ന വിഷയത്തിൽ ടെക്നോളജി ക്ലിനിക്ക് സംഘടിപ്പിക്കുന്നു. മാർച്ച് 19 രാവിലെ 10 ന് ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ നടക്കുന്ന പരിപാടി പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്യും.

വ്യവസായ സംരംഭങ്ങൾക്ക് ഭക്ഷ്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട നൂതന സാങ്കേതികവിദ്യ പരിചയപ്പെടുത്തുക, സംരഭങ്ങൾക്ക് കാലികമായ പുരോഗതി ഉണ്ടാക്കുക എന്നീ ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

താൽപര്യമുള്ള സംരംഭകർക്ക് രാവിലെ 10 മണിക്കു മുൻപായി രജിസ്റ്റർ ചെയ്ത് പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് 9496354434, 9946407570 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# സിവിൽ സ്റ്റേഷൻ ഇനി ഗ്രീൻ ആകും

**കൊച്ചി:** മാലിന്യ മുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഗ്രീനാകാൻ ഒരുങ്ങി ഭരണസിരാകേന്ദ്രം. ആറു നിലകളിലായി 76 ഓഫീസുകളാണ് ഇവിടെ സ്ഥിതി ചെയ്യുന്നത്. മെഗാ ക്ലീൻ ഡ്രൈവിന്റെ ഭാഗമായി 20 ടൺ അജൈവ പാഴ് വസ്തുക്കളാണ് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയത്.

രണ്ടു ഘട്ടങ്ങളിലായി നടത്തിയ ശേഖരണത്തിന്റ ഭാഗമായി സിവിൽ സ്റ്റേഷനിൽ കെട്ടി കിടന്ന ഫർണീച്ചറുകൾ, ഇ വേസ്റ്റ്, അപകടകരമായ മാലിന്യങ്ങൾ, ഇരുമ്പ്, പേപ്പറുകൾ, അലുമിനിയം, പ്ലാസ്റ്റിക് ഉള്ളപ്പടെയുള്ള അജൈവമാലിന്യങ്ങളാണ് ശേഖരിച്ചത്.

ക്യാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ എന്നി മിഷനുകളുടെ നേതൃത്വത്തിൽ ഒന്നാം ഘട്ട ഗ്രേഡിംഗ് പൂർത്തീകരിച്ചിരുന്നു. ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കൽ ഉപയോഗം ,അജൈവ പാഴ് വസ്തുക്കളുടെ കൈമാറ്റം ,ഹരിതപെരുമാറ്റ ചട്ടം, പൊതു ശുചിത്വം ,തുടങ്ങിയ ഘടകങ്ങളെയാണ് നിശ്ചിത മാനദണ്ഡം ഉപയോഗിച്ചുകൊണ്ട് ഗ്രേഡിംഗ് നടത്തിയത്.

രണ്ടാം ഘട്ട പരിശോധന മാർച്ച് പതിനെട്ടിന് നടത്തി 25ന് ഗ്രീൻ സിവിൽ സ്റ്റേഷനായി പ്രഖ്യാപിക്കും. പൊതു ജനങ്ങൾ വരുന്ന സ്ഥലം ആയതുകൊണ്ട് കൃത്യമായ ബിൻ സംവിധാനം ഒരുക്കൽ, പൊതു ശുചിത്വം ഉറപ്പിക്കുന്നതിനയായി നോഡൽ ഓഫീസർമാർക്ക് പ്രത്യേക ചുമതല, എല്ലാ മാസവും ക്ലീൻ കേരള കമ്പനി വഴി അജൈവ പാഴ് വസ്തു ശേഖരണം എന്നിവ ഉറപ്പാക്കും. കൂടാതെ മാലിന്യ മുക്ത ക്യാമ്പയിന്റെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ നിർദേശക ബോർഡുകളും സ്ഥാപിക്കും. നിർദേശങ്ങൾ ലംഘിച്ചാൽ കനത്ത പിഴ ഈടാക്കുമെന്നും കളക്ട്രേറ്റിൽ നിന്നും അറിയിച്ചു.

ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ തുടങ്ങി വിവിധ വകുപ്പുകളിലെ ജീവനക്കാർ, കളമശ്ശേരി വനിത പോളിടെക്നിക്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, ഭാരത് മാതാ കോളേജ് ,കെ എം എം കോളേജ് എന്നിവടങ്ങളിൽ നിന്നുള്ള എൻ എൻ എസ് വോളന്റീയേഴ്സ്, തൃക്കാക്കര മുൻസിപാലിറ്റിയിലെ ശുചികരണ തൊഴിലാളികൾ എന്നിവരുടെ നേതൃത്വത്തിലാണ് ശുചീകരണ യജ്ഞം പൂർത്തീകരിച്ചത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കൊച്ചിയിൽ സിഗ്നേച്ചർ ബ്രൈഡൽ ഷോറൂമുമായി ജോയ്ആലുക്കാസ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസിന്റെ സിഗ്നേച്ചർ ബ്രൈഡൽ ഷോറൂം കൊച്ചിയിൽ ഉടൻ പ്രവർത്തനമാരംഭിക്കും. പുതിയ ഷോറൂമിന്റെ ഉദ്ഘാടനം മാർച്ച് 22ന് 11 മണിക്ക് നടക്കും.

ഉദ്ഘാടനത്തോടനുബന്ധിച്ച് അവതരിപ്പിച്ച പരിമിതകാല ഓഫറിൽ 2.5 ശതമാനത്തിൽ ആരംഭിക്കുന്ന പണിക്കൂലിയാണ് വിവാഹാഭരണങ്ങൾക്കുള്ളത്. ഡെയ്ലി വെയർ ചെയിനുകൾക്കും വളകൾക്കും പണിക്കൂലി 2.5 ശതമാനം മാത്രം. കേരളത്തിലുടനീളമുള്ള ജോയ്ആലുക്കാസിൻറെ എല്ലാ ഷോറൂമുകളിലും ഈ ഓഫർ ലഭ്യമാകും.

എംജി റോഡിൽ ആരംഭിക്കുന്ന പുതിയ ഷോറൂമിൽ എക്സ്ക്ലൂസീവ് ബ്രൈഡൽ ഫ്ളോറോടു കൂടി നാല് നിലകളാണുള്ളത്. 15,000 സ്ക്വയർ വിസ്തൃതിയിലാണ് ഈ വലിയ ഷോറും തയ്യാറാക്കിയിരിക്കുന്നത്. പരമ്പരാഗത ആധുനിക ശൈലിയിലുള്ള സ്വർണാഭരണങ്ങൾ താഴത്തെ നിലയിലും, ഡയമണ്ട് ആഭരണങ്ങൾ ഒന്നാം നിലയിലും ഒരുക്കിയിട്ടുണ്ട്. രണ്ടാം നിലയിൽ പ്രീമിയം ബ്രൈഡൽ ആഭരണങ്ങളുടെയും, മൂന്നാം നിലയിൽ പ്രീമിയം സിൽവർ ആഭരണങ്ങളുടെയും, സ്വർണം കൊണ്ടുള്ള രൂപങ്ങളുടെയും വിശാലമായ ശേഖരങ്ങളുമാണ് തയ്യാറാക്കിയിരിക്കുന്നത്.




ആധുനിക വധുക്കൾക്കും ആഭരണപ്രേമികൾക്കുമായി പരമ്പരാഗത ആധുനിക ഡിസൈനുകളിലുള്ള അനുഗ്രഹ ടെമ്പിൾ ജ്വല്ലറി, പ്രൈഡ് ഡയമണ്ട്സ്, എലഗൻസ് പോൾക്കി ഡയമണ്ട്സ്, യുവ എവരിഡേ ആഭരണങ്ങൾ, അപൂർവ ആന്റിക് കളക്ഷൻ, രത്ന പ്രഷ്യസ് സ്റ്റോൺ ആഭരണങ്ങൾ എന്നിവയുടെ മികച്ച കളക്ഷനുകൾ ഈ ഷോറൂമിൽ ലഭ്യമാകും.

# എറണാകുളം കെ എസ് ആർ ടി സി ബസ് സ്റ്റാന്റിന് പുതിയ മുഖം; രൂപരേഖയുമായി സി നജീബ്

**കൊച്ചി:** സർക്കാർ തലത്തിലുള്ള പദ്ധതികളിൽ പുതിയ തലമുറകൾക്ക് എല്ലാവിധ സൗകര്യങ്ങളും വിട്ടുവീഴ്ചകൾ ചെയ്യാതെ ഒരുക്കിയെടുക്കാനുള്ള പദ്ധതിയുമായി ആർക്കിടെക്ട് സി നജീബ്.

എറണാകുളം കെ എസ് ആർ ടി സി ബസ് സ്റ്റാന്റിന് പുതിയ മാതൃകയാണ് ആർക്കിടെക്ട് സി നജീബ് ഡിസൈൻ ചെയ്തിരിക്കുന്നത്. സിറ്റി സർവീസുകൾ, ദീർഘദൂര ബസ്സുകൾ തുടങ്ങി വ്യത്യസ്ത രീതിയിലാണ് ബസ് സ്റ്റാന്റ് ഡിസൈൻ ചെയ്തിരിക്കുന്നത്.ബസ് സ്റ്റാന്റിന്റെ താഴെ നിലയിൽ സിറ്റി സർവീസും അതേ സ്ഥലം ഉപയോഗിച്ച് റാപ് വഴി ദീർഘദൂര ബസ്സുകൾക്കുള്ള സ്ഥലവും തയ്യാറാക്കിയിരിക്കുന്നു.

വ്യത്യസ്തരായ ആയിരക്കണക്കിന് ആളുകൾ വന്നു ചേരുന്ന സ്ഥലമായതിനാൽ അന്വേഷണ കൗണ്ടറുകൾ, കോഫി ഷോപ്പുകൾ, സൂപ്പർ മാർക്കറ്റുകൾ, യാത്രയുമായി ബന്ധപ്പെട്ട ഓഫിസ് സ്പേസുകൾ, ചെറിയ സിനിമാ തിയേറ്ററുകൾ, ട്രാവലിംഗ് ഹെൽപ് സെന്ററുകൾ, റിട്ടയറിംഗ് മുറികൾ, വിവിധതരം റസ്റ്റോറന്റുകൾ തുടങ്ങിയവ ഉൾപ്പെടുത്തിയുള്ള ആധുനിക രീതിയിലുള്ള ഷോപ്പിംഗ് മാൾ രീതിയിലുള്ള ബസ് സ്റ്റാന്റാണ് ഡിസൈനിലുള്ളത്. ബസ് സ്റ്റാന്റിലേക്ക് വരുന്നവർക്ക് കാറിലോ മറ്റു വാഹനങ്ങളിലോ വന്നിറങ്ങുവാനുമുള്ള സൗകര്യമുണ്ടാകും.സർക്കാർ സ്വന്തമായോ സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടെയോ ഇത്തരം പദ്ധതികൾ ആവിഷ്ക്കരിക്കാൻ സാധിക്കും. നഗര വളർച്ചയ്ക്ക് അനുസൃതമായി യാത്രാ സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വർധിപ്പിക്കാൻ ഉതകുന്നതാണ് എറണാകുളം കെ എസ് ആർ ടി സി ബസ് പദ്ധതി.

യാത്രയ്ക്ക് മാത്രമല്ല വിശ്രമത്തിലും സുരക്ഷിതത്വത്തിനും ഷോപ്പിംഗിനും വിനോദത്തിനും ഉൾപ്പെടെ ഉപയോഗപ്പെടുത്താനാവുന്ന സമ്പൂർണ ബസ് സ്റ്റാന്റ് ഡിസൈനാണ് തയ്യാറാക്കിയിരിക്കുന്നത്. സാമൂഹിക പ്രതി ബദ്ധതയുടെ യുടെ ഭാഗമായാണ് താൻ ഇത്തരമൊരു പദ്ധതി തയ്യാറാക്കിയിരിക്കുന്നെന്നും ഗതാഗത മന്ത്രി ബി ഗണേഷ് കുമാറിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. സർക്കാർ തലത്തിൽ മാത്രമല്ല സർക്കാരേതര ആർക്കിടെക്ടുകളുടെ സേവനം കൂടി ഉപയോഗപ്പെടുത്തി മികച്ച സൗകര്യങ്ങൾ ജനങ്ങൾക്ക് നൽകാൻ ഗവൺമെന്റുകൾ തയ്യാറെടുക്കണമെന്നും നജീബ് ആവശ്യപ്പെട്ടു.

# ഐസിഐസിഐ പ്രു ഗിഫ്റ്റ് സെലക്ട് അവതരിപ്പിച്ചു

**കോഴിക്കോട്:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ദീർഘകാല (ലോങ്ടേം) സേവിങ്സ് ഉൽപ്പന്നമായ ഐസിഐസിഐ പ്രു ഗിഫ്റ്റ് സെലക്ട് അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് ഗ്യാരണ്ടീഡ് വരുമാനം എപ്പോൾ ആരംഭിക്കണമെന്ന് തിരഞ്ഞെടുക്കാൻ അവസരം നൽകുന്ന ഈ ഉത്പന്നം ഗ്യാരണ്ടീഡ് വരുമാനത്തിന്റെ ദൈർഘ്യം, കാലാവധി പൂർത്തിയാകുമ്പോൾ അവർക്ക് ലഭിക്കാവുന്ന തുക എന്നിവ പോലുള്ള ഒന്നിലധികം ഫ്ളെക്സിബിലിറ്റികളും വാഗ്ദാനം ചെയ്യുന്നതായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രൊഡക്റ്റ് ആൻഡ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട്ട പറഞ്ഞു.

.കൂടാതെ, ലൈഫ് കവർ ഘടകഭാഗം കുടുംബത്തിന് സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുന്നു. വർധിച്ചുവരുന്ന വരുമാന ഓപ്ഷനാണ് ഉൽപ്പന്നത്തിന്റെ സവിശേഷ ഫീച്ചറുകളിലൊന്ന്. ഇതിൽ വരുമാനം പ്രതിവർഷം 5% കോമ്പൗണ്ടിങ് നിരക്കിൽ വർധിക്കുകയും അതുവഴി പണപ്പെരുപ്പം നിയന്ത്രിക്കാൻ ഉപഭോക്താക്കളെ സഹായിക്കുകയും ചെയ്യും. ഈ അതുല്യ ഉൽപ്പന്നം ഞങ്ങളുടെ ഉപഭോക്താക്കൾക്ക് അവരുടെ ജീവിത ലക്ഷ്യങ്ങളും പണമൊഴുക്ക് ആവശ്യകതകളും അനുസരിച്ച് ഇഷ്ടാനുസൃതമാക്കാൻ കഴിയുന്ന ഗ്യാരണ്ടീഡ് വരുമാനത്തിന്റെ പ്രയോജനം നേടാൻ സഹായകരമാവുമെന്നും അമിത് പാൽട്ട പറഞ്ഞു.

# പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് 25 കോടി അനുവദിച്ചു

**തിരുവനന്തപുരം:** കേന്ദ്രസർക്കാരിൽനിന്നു സംസ്ഥാനം ഏറ്റെടുത്ത പൊതുമേഖലാ സ്ഥാപനമായ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് (കെപിപിഎൽ)ന് സംസ്ഥാന സഹായമായി 25 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി കെ.എൻ. ബാലഗോപാൽ അറിയിച്ചു. കന്പനി പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകേണ്ട വിഹിതത്തിൽനിന്നാണ് തുക ലഭ്യമാക്കുന്നത്.




കമ്പനിക്കായി ഈ വർഷം ബജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ ബാക്കിയുള്ള നാലു കോടിയും അധിക ധനാനുമതിയായി 21 കോടി രൂപയുമാണ് ഇപ്പോൾ അനുവദിച്ചത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡ് വിറ്റഴിക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് ടെൻഡറിൽ പങ്കെടുത്താണ് സംസ്ഥാനം ഏറ്റെടുത്തത്. തുടർന്ന് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനരുദ്ധരിച്ചു.

നാഷണൽ കമ്പനി ലോ ട്രൈബ്യൂണലിൻറെ ഉത്തരവു പ്രകാരം 129. 89 കോടി രൂപ സംസ്ഥാന സർക്കാർ കമ്പനിയുടെ പുനരുദ്ധാരണത്തിന് നൽകേണ്ടിയിരുന്നത്. അതിൽ 106 കോടി രൂപ ഇതിനകം ലഭ്യമാക്കി.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663